بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 28

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 സെപ്റ്റംബർ 15/ഹി:ശം:1395 തബൂക് 15/ഹി:ഖ: 1437 ദുൽഹജ്ജ് 13

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 ആഗസ്റ്റ് 12ന് മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടനിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 2-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ഞാൻ വെറും നബിയല്ല. പ്രത്യുത നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ശക്തിയും സമ്പൂർണമായ അനുഗ്രഹവും സ്ഥാപിതമാകുന്നതിന് ഒരു ഭാഗത്ത് നബിയും ഒരു ഭാഗത്ത് ഉമ്മത്തിയുമാണ്. മനുഷ്യത്വത്തിന്റെ സകല പരിപൂർണതകളുടേയും സമുച്ചയമായിരുന്ന ഒരു നബിയെ പിൻപറ്റുന്നവനാണു ഞാൻ. ആ മഹാത്മാവിന്റെ ന്യായപ്രമാണം സമ്പൂർണവും തികവുറ്റതുമായിരുന്നു. മുഴുലോകത്തിന്റേയും പരിഷ്കരണത്തിനുളളതായിരുന്നു അത്. അതുകൊണ്ട് മുഴുലോകത്തിനും അത്യാവശ്യമായിട്ടുള്ള ശക്തികൾ എനിക്ക് ദാനം ചെയ്യപ്പെട്ടു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

മനുഷ്യത്വത്തിന്റെ സകല പരിപൂർണതകളുടേയും സമുച്ചയമായിരുന്ന ഒരു നബിയെ പിൻപറ്റുന്നവനാണു ഞാൻ. ആ മഹാത്മാവിന്റെ ന്യായപ്രമാണം സമ്പൂർണവും തികവുറ്റതുമായിരുന്നു. മുഴുലോകത്തിന്റേയും പരിഷ്കരണത്തിനുളളതായി രുന്നു അത്. അതുകൊണ്ട് മുഴുലോകത്തിനും അത്യാവശ്യമായിട്ടുള്ള ശക്തികൾ എനിക്ക് ദാനം ചെയ്യപ്പെട്ടു. അപ്പോൾ എനിക്കു നല്കപ്പെട്ട ആ സ്വാഭാവികമായ ശക്തികൾ ഹദ്റത്ത് മസീഹ്(അ)ന് നല്കപ്പെട്ടില്ല എന്ന കാര്യത്തിൽ സംശയിക്കുന്നതെന്തിന്. കാരണം അദ്ദേഹം ഒരു പ്രത്യേക ജനതയ്ക്കുവേണ്ടിയാണ് വന്നത്. അദ്ദേഹം എന്റെ സ്ഥാനത്തായിരുന്നെങ്കിൽ തന്റെ പ്രകൃതികാരണത്താൽ അല്ലാഹുവിന്റെ ഉദാരത എനിക്കു പ്രവർത്തിക്കാൻ തന്നിട്ടുള്ള ശക്തികൊണ്ട് ഞാൻ ചെയ്യുന്ന ജോലി അദ്ദേഹത്തിനു ചെയ്യാൻ സാധിക്കുമായിരുന്നില്ല. വ ഹാദാ തഹ്ദീഥു നിഅ്മത്തല്ലാഹി വലാ ഫഖർ ഏതുപോലെയെന്നാൽ ഹദ്റത്ത് മൂസാ(അ)നമ്മുടെ നബി(സ)തിരുമേനിയുടെ സ്ഥാനത്തു വന്നിരുന്നെങ്കിൽ ഈ ജോലി ചെയ്യാൻ സാധിക്കുമായിരുന്നില്ലെന്നത് പ്രകടമാണ്. വിശുദ്ധ ഖുർആനിന്റെ സ്ഥനത്ത് തൗറാത്ത് ഇറങ്ങിയിരുന്നെങ്കിൽ വിശുദ്ധ ഖുർആൻ ചെയ്ത ജോലി ഒരിക്കലും ചെയ്യുവാൻ കഴിയുമായിരുന്നില്ല. മാനുഷികമായ നിലകൾ അദൃശ്യത്തിന്റെ പർദയിലാണുള്ളത്. ഇക്കാര്യത്തിൽ വികൃതമാകുന്നതും മുഖം വിവർണ്ണമാക്കുന്നതും നല്ലതല്ല. ഏതൊരു സർവശക്തനാണോ ഹദ്റത്ത് ഈസാ(അ)യെ സൃഷ്ടിച്ചത് അവന് അതുപോലുള്ള അല്ലെങ്കിൽ അതിനെക്കാൾ മികച്ചതായ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ സാധിക്കുകയില്ലേ?[1] വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ആയത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ടെങ്കിൽ അവർ ആ ആയത്ത് സമർപിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ വചനം നിഷേധിക്കുന്നവനാണ് ഏറ്റവും കഠിനമായ നെറികെട്ടവൻ. അല്ലാഹുവിന്റെ ആയിരക്കണക്കിന് സാക്ഷ്യങ്ങളും അമാനുഷികമായ അടയാളങ്ങളും ഉൾക്കൊള്ളുന്നതും കഴിഞ്ഞ 23 വർഷമായി എനിക്ക് സമാധാനം നല്കിക്കൊണ്ടിരിക്കുന്നതുമായ ആ പരിശുദ്ധമായ വഹിക്ക് (വെളിപാടിന്) വിരുദ്ധമായി യാഥാർഥ്യത്തിന് നിരക്കാത്തതെന്ന് ഞാനെങ്ങനെയാണ് പറയുക. നന്മയും യുക്തിയും ഇല്ലാത്തതല്ല അല്ലാഹുവിന്റെ ജോലി. ഒരു വ്യക്തിയെ കേവലം അകാരണമായി ദൈവമാക്കിയിരിക്കുന്നതും അയാളെ 40 കോടിജനങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതും അവൻ കണ്ടു. ഈ വിശ്വാസം അതിന്റെ ഉച്ചിയിലെത്തിയ അത്തരം കാലഘട്ടത്തിൽ അവൻ എന്നെ അയച്ചു. എല്ലാ നബിമാരുടേയും പേര് എനിക്ക് നല്കി. എന്നാൽ, കൃപാകടാക്ഷം അല്ലാഹുവിന്റെ കൈയിലാണെന്നും അവൻ ഇച്ഛിക്കുന്നവർക്ക് അവൻ നല്കുന്നുവെന്നും ജനങ്ങൾ മനസ്സിലാക്കാൻ മർയമിന്റെ മകൻ മസീഹിന്റെ പേര് പ്രത്യേകമായ നിലയിൽ എനിക്കു നല്കി എന്നിൽ കരുണയും ഉദാരതയും ചെയ്യപ്പെട്ടു. അത് അദ്ദേഹത്തിൽ ചെയ്യപ്പെട്ടില്ല. ഞാൻ സ്വന്തമായാണ് ഇക്കാര്യം പറയുന്നതെങ്കിൽ കളളനാണ്. എന്നാൽ, അല്ലാഹു എന്നെ സംബന്ധിച്ച് തന്റെ അടയാളങ്ങളോടുകൂടി സാക്ഷ്യം നല്കുന്നുണ്ടെങ്കിൽ എന്നെ നിഷേധിക്കുന്നത് തഖ്വയ്ക്കു വിരുദ്ധമാണ്. അല്ലാഹു പൂർണമായ പ്രതാപത്തോടെ വെളിപെടുന്ന നേരത്തായിരിക്കും എന്റെ ആഗമനമെന്ന് ദാനിയേൽ നബിയും എഴുതിയിട്ടുണ്ട്; എന്റെ കാലത്താണ് മലക്കുകളും ശയ്ത്വാനും തമ്മിലുള്ള അവസാന പോരാട്ടം. അവൻ ഒരുകാലത്തും കാണിച്ചിട്ടില്ലാത്ത ദൃഷ്ടാന്തം അക്കാലത്ത് കാണിക്കുന്നതാണ്; അല്ലാഹു നേരിട്ട് ആകാശത്തുനിന്ന് ഇറങ്ങിവരുന്നതുപോലെ. ഹൽ യൻളുറൂന ഇല്ലാ അൻയ്യഅ്ത്തിയഹുമുല്ലാഹു ഫീ ളുലലിൻ മ്മിനൽ ഗമാമി ആനാളിൽ മേഘങ്ങളിൽ അല്ലാഹു വരുന്നതാണ് എന്ന് അവൻ പറഞ്ഞതുപോലെതന്നെ!(2:211) അതായത് മനുഷ്യപ്രതീകം മുഖേന തന്റെ പ്രതാപം വെളിപ്പെടുത്തുന്നതാണ്. തന്റെ മുഖം കാണിക്കുന്നതാണ്. കുഫ്റും ശിർക്കും ഒരുപാട് വിജയം വരിച്ചു. അവൻ മൗനം പാലിക്കുകയും മറഞ്ഞിരിക്കുന്ന ഒരു ഖജനാവുപോലെ ആയിത്തീരുകയും ചെയ്തു. ഇപ്പോൾ ശിർക്കിന്റേയും മനുഷ്യരെ ആരാധിക്കുന്നതിന്റേയും വിജയം അതിന്റെ ഉച്ചിയിൽ എത്തിയിരിക്കുന്നു. ഇസ്ലാം അതിന്റെ കാൽക്കീഴിൽ ചവുട്ടി അരയ്ക്കപ്പെട്ടു. അതുകൊണ്ട് 'ഞാൻ ഭൂമിയിൽ ഇറങ്ങുകയും ആദമിന്റെ സന്താനപരമ്പര ഉണ്ടായ മുതൽ ഇതുവരെ ഒരിക്കലും കാണിക്കപ്പെട്ടിട്ടില്ലാത്ത ഭീഷണമായ ദൃഷ്ടാന്തം കാണിക്കുകയും' ചെയ്യുന്നതാണെന്ന് അല്ലാഹു പറയുന്നു. ശത്രുവിന്റെ ആക്രമണത്തെ പ്രതിരോധിക്കുക എന്നതാണ് ഇതിലെ യുക്തി. എത്രത്തോളം മനുഷ്യനെ പൂജിക്കുന്ന ശിർക്ക് അതിരു കടന്നിരിക്കുന്നുവോ ആ അതിരുകടക്കലും പാരമ്യതയിലെത്തിയിരിക്കുന്നു. അതുകൊണ്ട് ഇപ്പോൾ അല്ലാഹു നേരിട്ട് പോരാടുന്നതാണ്. അവൻ മനുഷ്യന് ഒരായുധവും നല്കുകയില്ല. ഒരു ജിഹാദും ഉണ്ടാകുകയില്ല. അതേ! അവൻ അവന്റെ കൈ കാണിക്കുന്നതാണ്. ആ മസീഹ് വെളിപ്പെടുകയും അവസാന മസീഹ് (ഇതുകൊണ്ടുദ്ദേശിക്കുന്നത് ഇക്കാലത്തെ മസീഹാണ്)ആദ്യത്തെ മസീഹിനെക്കാൾ ശ്രേഷ്ഠനായിരിക്കുമെന്നുമാണ് യഹൂദികളുടെ വിശ്വാസം. ക്രിസ്ത്യാനികൾ ഒരേയൊരു മസീഹിനെ വിശ്വസിക്കുന്നവരാണ്. എന്നാൽ, പറയുന്നത് ആദ്യം വെളിപ്പെട്ട അതേ മർയമിന്റെ മകൻ മസീഹ് രണ്ടാം വരവിൽ വളരെ ശക്തിയോടും പ്രതാപത്തോടുംകൂടി വെളിപ്പെടുമെന്നും ലോകത്തിലെ കക്ഷികൾക്കിടയിൽ വിധി പറയുകയും ചെയ്യുമെന്നാണ്. എത്രമാത്രം പ്രതാപത്തോടുകൂടി വെളിപ്പെടുമെന്നാൽ ആദ്യത്തെ ആഗമനത്തിന് ഇതുമായി ഒരു ബന്ധവുമുണ്ടാകുകയില്ലെന്ന് അവർ പറയുന്നു.

എന്തായാലും ഈ രണ്ടു കക്ഷികളും വിശ്വസിക്കുന്നത് അവസാന കാലത്തുവരുന്ന മസീഹ് തന്റെ പ്രതാപത്തിന്റേയും ശക്തമായ ദൃഷ്ടാന്തത്തിന്റേയും അടിസ്ഥാനത്തിൽ ആദ്യത്തെ മസീഹിനെക്കാളും അല്ലെങ്കിൽ ആദ്യത്തെ വരവിനെക്കാളും ശ്രേഷ്ഠനാണെന്നാണ്. ഇസ്ലാമും അവസാനം വരുന്ന മസീഹിന്റെ പേര് ഹക്കം(വിധികർത്താവ്)എന്നു വെച്ചിരിക്കുന്നു. ലോകത്തുള്ള എല്ലാ മതങ്ങളുടെമേലും വിധി പറയുന്നവനും തന്റെ ശ്വാസംകൊണ്ടുമാത്രം സത്യനിഷേധികളെ നശിപ്പിക്കുന്നവനുമായി നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ അർഥം അല്ലാഹു അവനോടൊപ്പമുണ്ടാകുമെന്നാണ്. അദ്ദേഹത്തിന്റെ ശ്രദ്ധയും ദുആയും വൈദ്യുതിയുടെ ജോലി എടുക്കുമെന്നാണ്. നശിപ്പിക്കുന്നതുപോലെ അദ്ദേഹം ന്യായപൂർത്തി വരുത്തുന്നതാണ്. എന്തായാലും കിതാബിന്റെ ആളുകളും ഇസ്ലാമിന്റെ ആളുകളും ആദ്യം വന്ന മസീഹ് അവസാനം വരുന്ന മസീഹിനെക്കാൾ ശ്രേഷ്ഠനെന്ന് വിശ്വസിക്കുന്നവരല്ല. യഹൂദികൾ രണ്ടു മസീഹ് എന്ന് പറഞ്ഞുകൊണ്ട് അവസാനം വരുന്ന മസീഹിനെ അങ്ങേയറ്റം ശ്രേഷ്ഠനെന്ന് മനസ്സിലാക്കുന്നു. എന്നാൽ, തങ്ങളുടെ തെറ്റായധാരണകൊണ്ട് ഒരേയൊരു മസീഹിനെ വിശ്വസിക്കുന്നത് അവരും രണ്ടാമത്തെ വരവിനെ അങ്ങേയറ്റം പ്രൗഢഗംഭീരമായ വരവായി സമ്മതിക്കുന്നു. ഇതിനെതിരിൽ ആദ്യത്തെ വരവിന് ഒരു പ്രാധാന്യവും നല്കുന്നില്ല. പിന്നീട് അല്ലാഹുവും അവന്റെ റസൂലും എല്ലാ നബിമാരും അവസാന കാലത്തെ മസീഹിനെ അദ്ദേഹത്തിന്റെ പ്രവർത്തനം കാരണത്താൽ ശ്രേഷ്ഠനെന്നു പറഞ്ഞിരിക്കുന്നു. അപ്പോൾ എന്തിനാണ് നീ മർയമിന്റെ മകൻ മസീഹിനെക്കാൾ ശ്രേഷ്ഠനായി പറയുന്നതെന്ന ചോദ്യം സാത്താനികമായ ദുർബോധനമാണ്. പ്രിയപ്പെട്ടവരേ! മർയമിന്റെ മകൻ മസീഹ് മരിച്ചുപോയിരിക്കുന്നുവെന്നും വരേണ്ടുന്ന മസീഹ് ഞാനാണെന്നും സ്ഥാപിച്ച സ്ഥിതിക്ക് ആരാണോ ആദ്യത്തെ മസീഹിനെ ശ്രേഷ്ഠനായി മനസ്സിലാക്കുന്നത് അയാൾ ഖുർആൻകൊണ്ടും ഹദീഥുകൾകൊണ്ടും വരുന്ന മസീഹിന് ഒരു പ്രസക്തിയുമില്ലെന്നും നബിയെന്ന് പറയാൻ പാടില്ലെന്നും വിധികർത്താവ്(ഹക്കം)അല്ലെന്നും,എന്തെല്ലാമുണ്ടോ അതെല്ലാം ആദ്യം വന്ന മസീഹിനാണെന്നും സ്ഥാപിക്കേണ്ടതാണ്. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് എന്നെ അയച്ചിരിക്കുന്നു. ഇപ്പോൾ അല്ലാഹുവുമായി പോരാടാതിരിക്കുക. അതേ! ഞാൻ വെറും നബിയല്ല. പ്രത്യുത നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ശക്തിയും സമ്പൂർണമായ അനുഗ്രഹവും സ്ഥാപിതമാകുന്നതിന് ഒരു ഭഗത്ത് നബിയും ഒരു ഭാഗത്ത് ഉമ്മത്തിയുമാണ്. (റൂഹാനീ ഖസായിൻ വാള്യം 22 ഹഖീഖത്തുൽ വഹ്യ് പേജ് 157 - 159)

---

1.അല്ലാഹുവിന്റെ പ്രവർത്തനങ്ങളുടെ അവസാനം കണ്ടെത്തുക സാധ്യമല്ല. ബനീ ഇസ്റായീലിൽ മൂസാ(അ) എന്ന മഹാനായി നബി കഴിഞ്ഞു കടന്നിട്ടുണ്ട്. അദ്ദേഹത്തിന് അല്ലാഹു തൗറാത്ത് നല്കി. അദ്ദേഹത്തിന്റെ മഹത്വവും പ്രതാപവും കാരണത്താൽ ബൽഅം ബാഊറയും അദ്ദേഹവുമായി പോരാടി മണ്ണിന്നടിയിൽ പതിക്കപ്പെട്ടു. അയാളെ അല്ലാഹു നായയോടു ഉപമിക്കുകയും ചെയ്തു. അതേ മൂസായ്ക്കു തന്നെയാണ് മഹാനായ ഒരു വ്യക്തിയുടെ ആത്മീയജ്ഞാനത്തിനു മുമ്പിൽ ലജ്ജിതനാകേണ്ടി വന്നത്. അദ്ദേഹത്തിന് ആ ആത്മീയ രഹസ്യങ്ങളെ കുറിച്ച് ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. ഫ വജദ അബ്ദൻ മ്മിൻ ഇബാദിനാ ആത്തയ്നാഹു റഹ്മത്തൻ മ്മിൻ ഇൻദിനാ വ അല്ലംനാഹു മിൻ ല്ലദുന്നാ ഇൽമാ (18:66)എന്ന് അല്ലാഹു പറഞ്ഞതുപോലെതന്നെ!

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

**ഇന്ന് അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ യു.കെ.അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന ആരംഭിക്കുകയാണ്. ഇൻശാഅല്ലാഹ്. വൈകുന്നേരം ഔദ്യോഗികമായ ഉൽഘാടനം നടക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയിൽ പങ്കെടുക്കുന്നവരിൽനിന്ന് പ്രതീക്ഷിക്കുന്നതെന്താണോ ജൽസയിൽ പങ്കെടുത്തിട്ടുള്ള എല്ലാവരേയും അല്ലാഹു അത് നിറവേറ്റുന്നവരാക്കിത്തീർക്കുമാറാകട്ടെ. ജൽസയിൽ പങ്കെടുത്തിട്ടുള്ള എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ.**

**ജൽസയിൽ പങ്കെടുക്കുക എന്നത് ഏതെങ്കിലും മേളകളിൽ പങ്കെടുക്കുന്നത് പോലെയല്ല. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ലക്ഷ്യം ഈ ദിനങ്ങളിൽ തങ്ങളുടെ ദീനീപരമായ ജ്ഞാനം കരസ്ഥമാക്കുകയും ആത്മീയമായ അഭിവൃദ്ധി ഉണ്ടാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്.**

**അതിനാൽ ജൽസയിൽ വരുന്നവർ ജൽസയുടെ പരിപാടികൾ ജൽസയുടെ നേരങ്ങളിൽ ജൽസാഗാഹിൽ വളരെ നിശബ്ദതയോടെ ഇരുന്ന് കേൾക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

**പ്രസംഗകർ അല്ലെങ്കിൽ ഉലമാ കഠിനപ്രയത്നം ചെയ്ത് തയ്യാറാക്കുന്ന ഈ പ്രസംഗം അതീവ ശ്രദ്ധയോടെ കേൾക്കാൻ എല്ലാ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. പിന്നീടത് ഓർമവെക്കുകയും വേണം. കേൾക്കുന്ന പുരുഷന്മാരും സ്ത്രീകളും ഈ പ്രസംഗങ്ങൾ 50% മെങ്കിലും ഓർമവെച്ചാൽ തങ്ങളുടെ ജ്ഞാനപരവും ദീനീപരവും ആത്മീയവുമായ നിലവാരത്തെ പലയിരട്ടി അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു.**

**കാര്യങ്ങൾ മനസ്സിലാക്കാതെ തങ്ങളുടെ പരിഷ്കരണത്തിനും ഉന്നമനത്തിനും മാർഗമാക്കാതെ താല്കാലികമായ ആസ്വാദനം അനുഭവിക്കുക എന്നതായിരിക്കുകയില്ല നമ്മുടെ ജൽസകളിലെ പ്രസംഗകരുടെ ഉദ്ദേശ്യം; പൊതുവെ ശ്രോതാക്കളുടെ ഉദ്ദേശ്യവും ഇതായിരിക്കുകയില്ല. ഇങ്ങനെയാകാനും പാടില്ല. നമ്മുടെ ഉള്ളിലും കുറച്ചാളുകൾ ഇത്തരക്കാരുണ്ടെങ്കിൽ അവർ തങ്ങളെ പരിഷ്കരിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.**

**ജൽസ നമ്മുടെ വൈജ്ഞാനികവും ആത്മീയവുമായ പുരോഗതിക്ക് പോസ്റ്റീവായ നിലയിൽ സ്വാധീനം ചെലുത്തുന്നില്ലെങ്കിൽ മാനുഷികമായ ബലഹീനതയ്ക്ക് വിധേയരായി നമ്മളിൽ കുറച്ചുപേർ ചില പ്രസംഗങ്ങളിൽനിന്നും പ്രസംഗകരിൽനിന്നും ശരിയായ ഫലമെടുക്കുന്നില്ലെങ്കിൽ ഇത് ചിന്താർഹമായ കാര്യമാണ്. ഈ മൂന്നു ദിവസങ്ങളിൽ ഇഹലോകകാര്യങ്ങൾ മറന്നുകളയണമെന്നും തങ്ങളുടെ ദീനീപരവും ആത്മീയവുമായ നിലവാരത്തെ വർധിപ്പിക്കണമെന്നുമുള്ള കാര്യം ജൽസയിൽ വന്നിട്ടുള്ള എല്ലാ വ്യക്തികളും ഉറപ്പുള്ളതാക്കുക.**

**ജൽസയിൽ പങ്കെടുക്കാൻ വരുന്ന അഹ്മദി ഒരു വിധത്തിൽ അതിഥിയാണെന്നത് ശരിതന്നെയാണ്. പക്ഷേ, അവരുടെ ഉദ്ദേശ്യം അതിഥിയായിട്ടിരിക്കുക എന്നതാകാൻ പാടില്ല. അവർ വരുന്നത് ജൽസയുടെ അനുഗ്രങ്ങളിൽ ഭാഗഭാക്കാകാനാണ്.**

**ഈ ദിനങ്ങളിൽ ഉള്ളസൗകര്യത്തിന് അതിഥി അല്ലാഹുവിനെ ശുക്ർ ചെയ്യേണ്ടതാണ്. പകലും രാത്രിയും ഒന്നാക്കിക്കൊണ്ട് എല്ലാ വകുപ്പുകളിലും അതിഥി സൽക്കാരത്തിന്റെ കടമ നിർവഹിക്കാൻ പരിശ്രമിക്കുന്ന പ്രവർത്തകർക്ക് നന്ദി പറയുക. അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ എങ്ങനെ തയ്യാറെടുക്കണം എന്ന പരിശ്രമത്തിലായിരിക്കണം ജൽസയുടെ ഈ മൂന്നു ദിവസങ്ങളിൽ അതിഥികൾ ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവിനോടു കൃപാകടാക്ഷം(ഫള്ൽ) ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. അവന്റെ നന്മ ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവിന്റെ അഭയം ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക.**

**ദുആകൾ സ്വീകരിക്കപ്പെടുന്നതിന് ആരാധനകളോടുള്ള കടമ നിർവഹിക്കേണ്ടതും അത്യാവശ്യമാണ്. അല്ലാഹു പറഞ്ഞിട്ടുള്ള കാര്യമനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങളുടെ ജീവിതത്തെ വാർത്തെടുക്കുക. ഈ ദിനങ്ങളിൽ മാത്രമല്ല മറിച്ച് ഈ ഉണ്ടാകുന്ന ശീലം എല്ലാ ഓരോരുത്തരുടേയും ജീവിതത്തിന്റെ സ്ഥിരമായ ഭാഗമായിത്തീരുകയും വേണം.**

**ഇപ്രകാരംതന്നെ നമസ്കാരങ്ങളുടെ നേരങ്ങളിലും ജൽസയുടെ സമയങ്ങളിലും നിങ്ങളുടെ ഫോൺ ഓഫ് ചെയ്ത് വെക്കുക. ഇല്ലെങ്കിൽ കുറഞ്ഞ പക്ഷം സൈലന്റിലാക്കി വെക്കുക.**

**ഏതേർപാടുകളും നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ജൽസയിൽ വരുന്നവരുടെ പൂർണ സഹകരണം നിർബന്ധമാണ്. ഈ എല്ലാ ഏർപാടുകളും ചെയ്യുന്നത് പങ്കെടുക്കുന്നവരുടെ സൗകര്യത്തിനും സംരക്ഷണത്തിനുംവേണ്ടിയാണ്.**

**അഹ്മദിയ്യാ ജമാഅത്തിന്റെ മനോഹാരിത എന്ന് പറയുന്നത് ഓരോ അഹ്മദിയും സജ്ജീകരണങ്ങളുടെ ഭാഗമാകുന്നു എന്നതാണ്. അവർ ജൽസയിൽ സേവനം ചെയ്യാൻ വരുന്ന പ്രവർത്തകരാണെങ്കിലും വേണ്ടില്ല സാധാരണക്കാരാണെങ്കിലും വേണ്ടില്ല. അതുകൊണ്ട് പ്രത്യേകമായും പാർക്കിംഗ്, സ്കാനിംഗ്, ഭക്ഷണം കഴിക്കുന്ന സ്ഥലങ്ങൾ ജൽസ ഗാഹ് എന്നിവിടങ്ങളിൽ എപ്പോഴും എല്ലാ ഓരോരുത്തരും ജാഗ്രതയോടും മുൻകരുതലോടുംകൂടി ഇരിക്കേണ്ട ആവശ്യമാണുള്ളത്. ചുറ്റുപാടും ദൃഷ്ടി വെക്കേണ്ട ആവശ്യമാണുള്ളത്. എവിടെയെങ്കിലും എന്തെങ്കിലും അസാധാരണ വസ്തുക്കൾ കണ്ടാൽ അല്ലെങ്കിൽ ആരുടെയെങ്കിലും അസാധാരണമായ ചലനം കണ്ടാൽ ക്ഷണത്തിൽ സംഘാടകരേയും ജാഗ്രതപ്പെടുത്തുക, സ്വയവും ജാഗരൂകരാകുക. പക്ഷേ, ഏതവസ്ഥയാണെങ്കിലും പരിഭ്രാന്തി (panic) ഒട്ടുമുണ്ടാകാൻ പാടില്ല.**

**സ്ത്രീകൾ ഓർമിക്കുക, അവരുടെ പക്കൽ സ്വർണാഭരണങ്ങൾ വല്ലതുമുണ്ടെങ്കിൽ അത് അണിഞ്ഞുകൊള്ളുക. ഒന്നാമതായി പറയാനുള്ളത് ജൽസയ്ക്കുവരുമ്പോൾ അത്തരം വസ്തുക്കൾ കൊണ്ടുവരരുതെന്നാണ്. ദീനീ പരമായ അന്തരീക്ഷത്തിൽ ദിവസം കഴിയ്ക്കുന്നതിനുവേണ്ടിയാണ് ഇവിടെ വരുന്നത്. ഭൗതികമായ ഏതെങ്കിലും ഫംങ്ഷനിൽ പങ്കെടുക്കാനല്ല. അതിനാൽ കൊണ്ടുവരുന്ന ആഭരണങ്ങൾ സൂക്ഷിച്ചു വെക്കേണ്ടതാണ്. എന്നാൽ, നിത്യവും വരുന്ന സ്ത്രീകളും ആഭരണങ്ങളിലേക്കും വസ്ത്രങ്ങളിലേക്കും നോക്കുന്നതിനുപകരം ജൽസയുടെ ഈ ജിനങ്ങളിൽ നിങ്ങളുടെ ആത്മീയമായ അഭിവൃദ്ധി ശ്രദ്ധിക്കുക.**

**വീണ്ടും ഞാൻ പറയുകയാണ്. പ്രത്യേകമായും ഈ ദിനങ്ങളിൽ ദുആകളിലേക്ക് ശ്രദ്ധവെക്കുക. നമസ്കാരങ്ങൾക്കും നഫ്ലുകൾക്കും പുറമെ ദിക്ർ ചെയ്തും സ്വലാത്തു ചൊല്ലിയും മറ്റു ദുആകൾ ചെയ്തും സമയം ചെലവഴിക്കുക. അല്ലാഹു ഈ ജൽസയെ എല്ലാ വിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ എല്ലാ ദുആകളും സ്വീകരിക്കുമാറാകട്ടെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും നമ്മെ സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ആമീൻ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**12-08-2016/1395 ളുഹൂർ 12**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ,ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ. بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ. اَلرَّحْمٰنِ الرَّحِيمِ. مٰلِكِ يَوْمِ الدِّينِ.
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ. اِهْدِنَا الصِّرَاطَ الْمُسْتَقِيمَ.
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ.

ഇന്ന് അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ യു.കെ.അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസസാലാന ആരംഭിക്കുകയാണ്. ഇൻശാഅല്ലാഹ്. വൈകുന്നേരം ഔദ്യോഗികമായ ഉൽഘാടനം നടക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയിൽ പങ്കെടുക്കുന്നവരിൽനിന്ന് പ്രതീക്ഷിക്കുന്നതെന്താണോ ജൽസയിൽ പങ്കെടുത്തിട്ടുള്ള എല്ലാവരേയും അല്ലാഹു അത് നിറവേറ്റുന്നവരാക്കിത്തീർക്കുമാറാ

കട്ടെ. ജൽസയിൽ പങ്കെടുത്തിട്ടുള്ള എല്ലാവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ജൽസയിൽ പങ്കെടുക്കുക എന്നത് ഏതെങ്കിലും മേളകളിൽ പങ്കെടുക്കുന്നത് പോലെയല്ലെന്ന് എല്ലാ അഹ്മദിക ളും അറിയുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) എടുത്തുപറഞ്ഞിട്ടുള്ള ഇക്കാര്യം എല്ലാ അഹ്മദികളും അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരുടേയും ലക്ഷ്യം ഈ ദിനങ്ങളിൽ തങ്ങളുടെ ദീനീപരമായ ജ്ഞാനം കരസ്ഥമാക്കുകയും ആത്മീയമായ അഭിവൃദ്ധി ഉണ്ടാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. എന്നല്ല ഈ ലക്ഷ്യത്തോടെ ജൽസയിൽ പങ്കെടുക്കാത്തവരോടു വലിയ വെറുപ്പാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രകടിപ്പിച്ചിട്ടുള്ളത്.(ശഹാദത്തുൽഖുർആൻ, റൂഹാനീ ഖസായിൻ വാല്യം 6 പേജ് 395)

ജൽസയുടെ പരിപാടികൾ വളരെ ആലോചനയോടുകൂടിയാണ് ഉണ്ടാക്കുന്നത്. പ്രസംഗകരുടെ പ്രസംഗങ്ങളിലും അവരുടെ വിഷയങ്ങളിലും ആദ്യം ഒരു കമ്മിറ്റി കൂടിയാലോചക്കുന്നു. മതപരവും വൈജ്ഞാനികവും ആത്മീയവുമായ അഭിവൃദ്ധിയ്ക്ക് സഹായകമാകുന്ന വിഷയം കിട്ടുന്നതിനുവേണ്ടിയാണിത്. ഇത് സുദീർഘമായൊരു ലിസ്റ്റായിരിക്കും. പിന്നീട് ആ വിഷയങ്ങൾ അനുമതിക്കായി ഖലീഫത്തുൽമസീഹിന്റെ അടുത്തു വരുന്നു. അതിൽനിന്ന് കുറച്ചു വിഷയങ്ങൾ തയ്യാറാക്കുന്നതാണ് ഇവിടെ പ്രസംഗകർ അവതരിപ്പിക്കുന്നത്. ജൽസയിൽ പങ്കെടുക്കുന്നവരുടെ മതപരവും വൈജ്ഞാനികവും ആത്മീയവുമായ ഉന്നമനത്തിന് നല്ല വിഷയങ്ങൾ ലഭ്യമാക്കുന്നതിനാണിത്.

അതിനാൽ ജൽസയിൽ വരുന്നവർ ജൽസയുടെ പരിപാടികൾ ജൽസയുടെ നേരങ്ങളിൽ ജൽസാഗാഹിൽ (ഈ ജൽസാഗാഹിൽ, ഇവിടെ)വളരെ നിശബ്ദതയോടെ ഇരുന്ന് കേൾക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിശബ്ദരായി ജൽസാഗാഹിലിരുന്ന ജൽസ പരിപാടികൾ കേൾക്കുന്നതിനുപകരം ചിലയാളുകൾ ജൽസാ നടക്കുന്ന പന്തലിനുവെളിയിൽ കൂട്ടംകൂടിയിരുന്ന് വെടിപറഞ്ഞ് സമയം കളയുന്നുവെന്നും കുട്ടികൾക്ക് കളിക്കാനുള്ള സാധനങ്ങൾ കൊടുത്ത് ജൽസയുടെ പന്തലിന്നടുത്തു തന്നെ കളിക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നുവെന്നുമുള്ള പരാതികൾ ചിലപ്പോൾ പുരുഷന്മാരിൽനിന്ന് പൊതുവെ സ്ത്രീകളിൽനിന്ന് ലഭിക്കാറുണ്ട്. അതുകൊണ്ട് ജൽസയുടെ പവിത്രതയെന്താണെന്ന് കുട്ടികൾക്കും ബോധമുണ്ടാകുകയില്ല. കുട്ടികൾ തുള്ളിച്ചാടികളിച്ചുനടക്കുന്ന പ്രായക്കാരാണെങ്കിൽ അവരെ അടക്കിയിരുത്തന്നതിന് എന്തെങ്കിലും കൈയിൽ കൊടുക്കേണ്ടത് നിർബന്ധമാണെങ്കിൽ കുട്ടികളുടെ പന്തലിൽ അവരെ കൊണ്ടുപോകേണ്ടതാണ്. അവിടെ കുട്ടികൾ കളിച്ചുകൊണ്ടിരിക്കട്ടെ. അവിടെ കളിസാധനങ്ങൾ ലഭ്യമാണ്. പക്ഷേ, പുരുഷന്മാർക്കും സ്ത്രീകൾക്കുമുള്ള മുഖ്യ പന്തലുകളിലും അതിനു ചേർന്നുള്ള സ്ഥലങ്ങളിലും കുട്ടികളുമൊത്ത് കളികളിൽ മുഴുകുന്നതും മാതാപിതാക്കൾ അവരുടെ അടുത്തു കൂടിയിരുന്ന് സംസാരിക്കുന്നതും ഒരു വിധത്തിലും ഉചിതമല്ല. സംഘാടകർ അത് വിരോധിക്കുമ്പോൾ എന്തിനാണ് തങ്ങളെ തടയുന്നതെന്ന് ചോദിച്ചു ചിലർ മോശമായി പെരുമാറുന്നു. വാസ്തവത്തിൽ ഈ തെറ്റ് അതിഥികളുടേതാണ്. പ്രവർത്തകരുടേതല്ല.

ഞാൻ പറഞ്ഞതുപോലെ ഒരു കമ്മിറ്റിയാണ് ജൽസയിൽ നടക്കുന്ന പ്രസംഗങ്ങളുടെ വിഷയങ്ങളെ കുറിച്ച് ആലോചിക്കുന്നത്. പിന്നീട് വിവിധവിഷയങ്ങൾ തയ്യാറാക്കി എനിക്കയക്കുന്നു. അതിൽനിന്ന് അവസ്ഥകൾക്കനുസരിച്ച് ഏഴെട്ട് വിഷയങ്ങൾ ഞാൻ തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട വിഷയങ്ങൾ പ്രസംഗകർക്ക് അയച്ചുകൊടുക്കുന്നു. അവർ പല ദിവസങ്ങൾ എന്നല്ല ചിലർ മാസത്തിലേറെ സമയം ചെലവഴിച്ചാണ് പ്രസംഗങ്ങൾ തയ്യാറാക്കുന്നത്. കഠിനാധ്വാനത്തോടെ ഈ വിഷയങ്ങളനുസരിച്ച് എല്ലാം അടങ്ങിയ കാര്യങ്ങൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സമർപ്പിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് പ്രസംഗകർ അല്ലെങ്കിൽ ഉലമാ കഠിനപ്രയത്നം ചെയ്ത് തയ്യാറാക്കുന്ന ഈ പ്രസംഗം അതീവ ശ്രദ്ധയോടെ കേൾക്കാൻ എല്ലാ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. പിന്നീടത് ഓർമവെക്കുകയും വേണം. കേൾക്കുന്ന പുരുഷന്മാരും സ്ത്രീകളും ഈ പ്രസംഗങ്ങൾ 50% മെങ്കിലും ഓർമവെച്ചാൽ തങ്ങളുടെ ജ്ഞാനപരവും ദീനീപരവും ആത്മീയവുമായ നിലവാരത്തെ പലയിരട്ടി അഭിവൃദ്ധിപ്പെടുത്താൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തിൽ പറഞ്ഞു, 'എല്ലാവരും ശ്രദ്ധിച്ച് പ്രസംഗങ്ങൾ കേൾക്കേണ്ടതാണ്.' പറഞ്ഞു:'പൂർണമായ ചിന്തയോടും ശ്രദ്ധയോടും കൂടി കേൾക്കുക. കാരണം ഇത് ഈമാനിന്റെ പ്രശ്നമാണ്. ഈമാനിൽ അലസതയും മടിയും അശ്രദ്ധയും വളരെ ദോഷഫലങ്ങൾ ഉളവാക്കുന്നതായിരിക്കും. ആരാണോ ഈമാനിൽ അശ്രദ്ധയോടുകൂടി പ്രവർത്തിക്കുന്നത് അവരെ സംബോധന ചെയ്ത് എന്തെങ്കിലും വിവരിച്ചാൽ അത് ശ്രദ്ധയോടുകൂടി കേൾക്കുന്നില്ലെങ്കിൽ പ്രസംഗകരുടെ വിവരണം എത്ര ഉന്നതമായ പ്രയോജനം ചെയ്യുന്നതും സ്വാധീനമുണ്ടാക്കുന്നതുമാണെങ്കിലും വേണ്ടില്ല ഒരു ഫലവും ചെയ്യുകയില്ല.' പറഞ്ഞു: 'അത്തരക്കാരെ കുറിച്ചാണ് അവർക്കു ചെവിയുണ്ടെങ്കിലും അവർ കേൾക്കുന്നില്ല, ബുദ്ധിയുണ്ടെങ്കിലും അവർ മനസ്സിലാക്കുന്നില്ല എന്ന് പറയുന്നത്. അതിനാൽ എന്തൊന്നാണോ വിവരിക്കപ്പെടുന്നത് അത് ശ്രദ്ധയോടും വലിയ ചിന്തയോടു കൂടി കേൾക്കുക. കാരണം ആരാണോ ശ്രദ്ധയോടെ കേൾക്കാത്തത് അവൻ ഫലം പ്രദാനം ചെയ്യുന്ന ആളോടൊപ്പം ദീർഘകാലം കഴിഞ്ഞാലും അത് അവന് ഒട്ടും പ്രയോജനം ചെയ്യുകയില്ല.'(മൽഫൂദാത്ത് വാല്യം 3 പേജ് 142-143 1985 ലണ്ടൻ പതിപ്പ്)

ചിലപ്പോൾ പൊതുവായ പരാതികൾ വരാറുണ്ട്. പുരുഷന്മാരിലും സ്ത്രീകളിലും പന്തലിന്റെ പിൻഭാഗത്തിരിക്കുന്നവർ -പ്രത്യേകിച്ചും ആ പരാതികൾ ശരിയാണെങ്കിൽ അവർ ഇപ്രാവശ്യം പ്രവർത്തകർക്ക്, ഡ്യൂട്ടിചെയ്യുന്നവർക്ക് പരാതിപ്പെടാൻ അവസരം നല്കുകയില്ലെന്ന് ഉറപ്പു നല്കേണ്ടതാണ്. അവർ ജൽസയിലെ പരിപാടികൾ അങ്ങേയറ്റം ഗൗരവത്തോടെ കേൾക്കുക. ഇതിൽനിന്ന് വെറും ബുദ്ധിപരമായ രുചി ആസ്വദിച്ചാൽ മാത്രംപോര, ഏതെങ്കിലും ജ്ഞാനപരമായ പോയന്റ് കേട്ട് തൽക്കാലികമായ ജ്ഞാനം ആസ്വദിച്ചാൽ മാത്രംപോര. മറിച്ച് നമുക്ക് ജ്ഞാനപരവും ആത്മീയവുമായ സുസ്ഥിരഫലമുണ്ടാകണമെന്ന നിയ്യത്തോടുകൂടി കേൾക്കേണ്ടതാണ്.

പിന്നെ ചിലരുണ്ട്, അവർ തങ്ങളുടെ ഇഷ്ടപ്പെട്ട പ്രസംഗകരെ തിരഞ്ഞെടുത്ത് വെച്ചിട്ടുണ്ടാകും. അവരുടെ പ്രസംഗങ്ങൾ കേൾക്കാനാണ് അവർ ജൽസാഗാഹിൽ വരുന്നത്. അവരെ സംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാനെന്റെ ജമാഅത്തിനുവേണ്ടിയും സ്വയം എനിക്കുവേണ്ടിയും ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും ബാഹ്യമായ വാക്ചാതുര്യമുള്ള പ്രസംഗങ്ങൾ മാത്രം ഇഷ്ടപ്പെടാതിരിക്കുക എന്നാണ്. പ്രസംഗകൻ ഐന്ദ്രജാലിക നിർഭരമായ പ്രസംഗം നടത്തിയാലും വാക്കുകളിൽ എത്രമാത്രം ശക്തി ഉണ്ടായാലും എല്ലാ ഉദ്ദേശ്യലക്ഷ്യങ്ങളും അതിൽകൊണ്ടുവന്ന് അവസാനിപ്പിക്കാതിരിക്കുക എന്നാണ്.' പറഞ്ഞു:"ഞാൻ ഇക്കാര്യത്തെ ഇഷ്ടപ്പെടുന്നില്ല. കൃത്രിമവും അഭിനയവും ഇല്ലാത്തതിനെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്നല്ല എന്റെ സ്വഭാവവും പ്രകൃതിയും ആഗ്രഹിക്കുന്നത് എന്തു ജോലിയും കാര്യവും അല്ലാഹുവിനുവേണ്ടിയായിരിക്കണമെന്നാണ്."

മുസ്ലീംകളിൽ അപജയവും അധഃപതനവും ഉണ്ടാകാനുള്ള ഒരു വലിയ കാരണമിതാണ്. അല്ലെങ്കിൽ ഇത്രമാത്രം കോൺഫ്രൻസുകളും കമ്മിറ്റികളും സഭകളും ഉണ്ടായിട്ടും വലിയ വലിയ വാഗ്വൈഭവമുള്ളവരും തങ്ങളുടെ ലക്ചർ അവതരിപ്പിക്കുന്ന ലക്ചർമാരും ഉണ്ടായിട്ടും അവർ പ്രസംഗിച്ചിട്ടും കവികൾ ജനതയുടെ അവസ്ഥ കണ്ട് വിലാപകാവ്യങ്ങൾ രചിച്ചിട്ടും അതിനൊന്നും ഫല മുണ്ടാകാതിരിക്കാൻ കാരണമെന്താണ്? ജനതകൾ നിത്യേന അഭ്യുന്നതിയിലേക്ക് പോകേണ്ടതിനുപകരം അധഃപതനത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.' പറഞ്ഞു:'കാരണം ആ മജ്‌ലിസുകളിൽ വന്നും പോയുമിരിക്കുന്നവർ ആത്മാർഥതയും കൊണ്ടല്ല പോകുന്നത്.'(മൽഫൂദാത്ത് വാല്യം 1 പേജ് 398-399 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ലൗകികരുടെ ചിത്രമാണ് കോറിയിട്ടിരിക്കുന്നത്. അവരുടെ ലക്ച്ചറും അവരുടെ പ്രസംഗങ്ങളും അത് മതത്തിന്റെ പേരിലായിലും വേണ്ടില്ല ഭൗതികമായ പേരിനും പ്രശസ്തിക്കുംവേണ്ടിയായാലും വേണ്ടില്ല. എന്നല്ല അവിടന്ന് ഒരിടത്ത് ഇങ്ങനേയും പറഞ്ഞു:'ഈ പ്രസംഗിക്കുന്നവരിൽ ഭൂരിഭാഗവും തങ്ങളുടെ പ്രസംഗം ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തി അവരുടെ വൈജ്ഞാനികവും ആത്മീയവുമായ ഉന്നതിക്ക് കാരണമാകണം എന്നതിനു പകരം അവർ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ചിന്ത ജനങ്ങൾ വാഹ്! വാഹ്! പറയണമെന്നായിരിക്കും. പ്രസംഗം നടത്തുന്നതിനിടെ അത്തരം പ്രസംഗകർ അവരുടെ പ്രസംഗം കേട്ടുകൊണ്ടരിക്കുന്ന ശ്രോതാക്കളെ തങ്ങളുടെ ആരാധ്യരാക്കുന്നു. ഇതുപോലെ അവിടന്നു പറഞ്ഞു:'പങ്കെടുക്കുന്നവരും ആത്മാർഥതയുമായി ജൽസകളിൽ പങ്കെടുക്കുന്നില്ല; കാര്യങ്ങൾ കേൾക്കുന്നുമില്ല.(മൽഫൂദാത്ത് വാല്യം 3 പേജ് 398,399,401 1985 ലണ്ടൻ പതിപ്പ്)

ആത്മാർഥതയോടുകൂടി വരികയാണെങ്കിൽ തികച്ചും മറ്റൊരു സ്വാധീനമായിരിക്കും ഉണ്ടാകുക. പോസിറ്റീവായ സ്വാധീനമായിരിക്കുമുണ്ടാകുക. പക്ഷേ, ഇക്കാര്യങ്ങൾ മനസ്സിലാക്കാതെ തങ്ങളുടെ പരിഷ്കരണത്തിനും ഉന്നമനത്തിനും മാർഗമാക്കാതെ താല്കാലികമായ ആസ്വാദനം അനുഭവിക്കുക എന്നതായിരിക്കുകയില്ല നമ്മുടെ ജൽസകളിലെ പ്രസംഗകരുടെ ഉദ്ദേശ്യം; പൊതുവെ ശ്രോതാക്കളുടെ ഉദ്ദേശ്യവും ഇതായിരിക്കുകയില്ല. ഇങ്ങനെയാകാനും പാടില്ല. നമ്മുടെ ഉള്ളിലും കുറച്ചാളുകൾ ഇത്തരക്കാരുണ്ടെങ്കിൽ അവർ തങ്ങളെ പരിഷ്കരിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

അല്ലാഹു നമ്മളിൽ ഔദാര്യം ചെയ്തിരിക്കുന്നു. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. നമ്മൾ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിമാത്രം എല്ലാ ജോലികളും ചെയ്യുന്നവരാകുമ്പോഴാണ് ഈ ഔദാര്യത്തിനുള്ള കടമ നിറവേറ്റപ്പെടുന്നത്. അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി സകല ജോലികളും ചെയ്യുന്നവരാകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെറുതിൽ ചെറുതായ കാര്യംപോലും നമ്മളോടു പറയുമ്പോൾ അല്പം ചിലരുടെ ബലഹീനതയുടെ അവസ്ഥ ഭൂരിപക്ഷത്തിന്റെ ചിന്താഗതിയായി മാറാൻ പാടില്ല. കുറച്ചാളുകളെ കണ്ടിട്ട് പുതിയ തലമുറ ജൽസയിൽ ഇരുന്ന് സംസാരിക്കുന്നതും ശ്രദ്ധിക്കാതിരിക്കുന്നതും അനുവദനീയമാണെന്ന് മനസ്സിലാക്കാനിടവരരുത്.' ഞാൻ ഇതുസംബന്ധമായി പറയുന്നത് ഓർമപ്പെടുത്തിക്കൊണ്ടിരിക്കാനാണ്. എന്തെങ്കിലും ബലഹീനത ഉണ്ടെങ്കിൽ ഒപ്പത്തിനൊപ്പം അകന്നുപൊയ്ക്കൊണ്ടിരിക്കാനാണ്. പുതിയതായി വരുന്നവർ ഞാൻ പറഞ്ഞതുപോലെ നമ്മുടെ കുട്ടികളും നമ്മുടെ യുവാക്കളും ജൽസയുടെ പ്രാധാന്യം മുന്നിൽവെക്കുന്നതിനു

## കലാമുൽഇമാം:

"അല്ലാഹുവിലേക്കുള്ള ശ്രദ്ധ നിലനില്ക്കുവോളം എല്ലാ ഓരോ സമുദായവും നിലനില്ക്കുന്നതാണ്."

(മൽഫൂദാത്ത് വാല്യം 4 പേജ് 292)

**ത്വാലിബെ ദുആ:**

**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## കലാമുൽഇമാം:

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)പറയുന്നു: "ഇസ്ലാം യഥാർഥമായ ദൈവജ്ഞാനം പ്രദാനം ചെയ്യുന്നു. ഇതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം ഉണ്ടാകുന്നു"

(മൽഫൂദാത്ത് വാല്യം 4 പേജ് 344)

**ത്വാലിബെ ദുആ:**

**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

വേണ്ടിയാണ്. ജൽസ നമ്മുടെ വൈജ്ഞാനികവും ആത്മീയവുമായ പുരോഗതിക്ക് പോസ്റ്റീവായ നിലയിൽ സ്വാധീനം ചെലുത്തുന്നില്ലെങ്കിൽ മാനുഷികമായ ബലഹീനതയ്ക്ക് വിധേയരായി നമ്മളിൽ കുറച്ചുപേർ ചില പ്രസംഗങ്ങളിൽനിന്നും പ്രസംഗകരിൽനിന്നും ശരിയായ ഫലമെടുക്കുന്നില്ലെങ്കിൽ ഇത് ചിന്താർഹമായ കാര്യമാണ്. തങ്ങളിൽ അർപിക്കപ്പെട്ടിരിക്കുന്ന വിഷയങ്ങൾ അതായത് അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ, പ്രേമവായ്പിന്റേയും കൂറിന്റേയും കാര്യങ്ങൾ, അല്ലാഹുവുമായി ബന്ധം വെക്കുന്ന കാര്യങ്ങൾ, റസൂലിനോടുള്ള സ്നേഹത്തിന്റെ കാര്യങ്ങൾ, നബി(സ)തിരുമേനിയുടെ സത്യദാസനായ മസീഹ് മൗഊദിനോടുള്ള ബന്ധത്തിന്റേയും അനുസരണത്തിന്റേയും കാര്യങ്ങൾ ആളുകളുടെ മനസ്സിൽ പ്രവേശിക്കും വിധം വിവരിക്കാൻ അല്ലാഹു പ്രസംഗകരുടെ നാവിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അത് പോസിറ്റീവായിട്ടുള്ള സ്വാധീനം ചെലുത്തുന്നതായിത്തീരുമാറാകട്ടെ.

ഈ മൂന്നു ദിവസങ്ങളിൽ ഇഹലോകകാര്യങ്ങൾ മറന്നുകളയണമെന്നും തങ്ങളുടെ ദീനീപരവും ആത്മീയവുമായ നിലവാരത്തെ വർധിപ്പിക്കണമെന്നുമുള്ള കാര്യം ജൽസയിൽ വന്നിട്ടുള്ള എല്ലാ വ്യക്തികളും ഉറപ്പുള്ളതാക്കുക. അല്ലാഹു എല്ലാവർക്കും ഇതിനു തൗഫീഖ് നല്കുമാറാകട്ടെ.

അതിഥികളുടെ, ജൽസയിൽ പങ്കെടുക്കുന്നവരുടെ ശ്രദ്ധ ഈ ഭാഗത്തേക്കും ക്ഷണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതിഥികളെ സേവിക്കുന്നതിന് പുരുഷന്മാരിലും സ്ത്രീകളിലും പ്രവർത്തകരെ നിശ്ചയിച്ചിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് ജൽസാ ദിനങ്ങളിൽ സേവനം ചെയ്യാൻ പ്രവർത്തകർ എന്ന നിലയിൽ തങ്ങളെ സമർപിച്ചിട്ടുള്ളവരാണ് അവർ. അവരിൽ കോളേജുകളിലേയും സ്കൂളുകളിലേയും യൂണിവേഴ്സിറ്റികളിലേയും വിദ്യാർഥികളുമുണ്ട്. വ്യവസായികളുടേയും തൊഴിലാളികളുടേയും എണ്ണം വൻതോതിലുണ്ട്. വലിയ ആദരണീയമായ ഉദ്യോഗങ്ങൾ വഹിക്കുന്ന ചിലരുമുണ്ട്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്യുക എന്ന വികാരം ഒരു വിദ്യർഥിയേയും ഒരു തൊഴിലാളിയേയും ഒരു വ്യവസായിയേയും ഒരു മാന്യനേയും ഭൗതികമായ അടിസ്ഥാനത്തിൽ ഉന്നത ഉദ്യോഗം വഹിക്കുന്നവനേയും ഒരേ തലത്തിൽ കൊണ്ടുവന്നു നിറുത്തിയിരിക്കുന്നു. അതുകൊണ്ട് ചില ഘട്ടങ്ങളിൽ പ്രവർത്തകരോടു അപമര്യാദ കാണിക്കുന്ന അതിഥി തന്റെ വികാരങ്ങൾ നിയന്ത്രിച്ചു നിറുത്തേണ്ടതാണ്. ഏതു പരിതഃസ്ഥിതിയിലും സഹനത്തോടും സഹിഷ്ണുതയോടുംകൂടി പ്രവർത്തിക്കണമെന്ന് പ്രവർത്തകരെ ഉപദേശിക്കാറുണ്ടെന്നത് ശരിതന്നെ. പക്ഷേ, മാനുഷിക തേട്ടത്തിന് വിധേയരായി ചില ഘട്ടങ്ങളിൽ ചില പ്രവർത്തകർ കടുപ്പമുള്ള മറുപടിയും കൊടുത്തുപോകാറുണ്ട്. അതിനാൽ പ്രവർത്തകരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് അതിഥികളുടേയും ജോലിയാണ്. ശത്രുത ഉണ്ടാകാൻ സാധ്യതയുള്ള ഒന്നും കാണിക്കരുത്. കുട്ടികളും യുവാക്കളും ഒരൊറ്റവികാരത്തിന് വിധേയരായിട്ടാണ് പണിയെടുക്കാൻ വരുന്നത്. ചിലപ്പോൾ അതിഥികളുടെ തെറ്റായ പെരുമാറ്റം കാരണത്താൽ അവരിൽ നിരാശയും ഉണ്ടായിപ്പോകാറുണ്ട്. അന്യജമാഅത്തിൽപ്പെട്ട അതിഥി എന്തെങ്കിലും ബുദ്ധിമുട്ടുകാരണത്താൽ എന്തെങ്കിലും പ്രകടിപ്പിച്ചാൽ-പൊതുവെ അവർ അങ്ങനെ പ്രകടിപ്പിക്കാറില്ല-അത് സ്വീകാരാർഹമാണ്. അവർക്കെന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അവർക്ക് സൗഖ്യവും സൗകര്യവും ലഭ്യമാക്കുന്നതിന് നമ്മൾ പൂർണമായും ശ്രമിക്കേണ്ടതാണ്. എന്നാൽ, ജൽസയിൽ പങ്കെടുക്കാൻ വരുന്ന അഹ്മദി ഒരു വിധത്തിൽ അതിഥിയാണെന്നത് ശരിതന്നെയാണ്. പക്ഷേ, അവരുടെ ഉദ്ദേശ്യം അതിഥിയായിട്ടിരിക്കുക എന്നതാകാൻ പാടില്ല. അവർ വരുന്നത് ജൽസയുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാനാണ്. ഞാൻ ആദ്യമെ പറഞ്ഞതുപോലെ ഈ ചിന്തയോടുകൂടിയായിരിക്കണം അവർ വരേണ്ടത്. അതുകൊണ്ട് അവരുടെ താമസം അല്ലെങ്കിൽ ഭക്ഷണ വിതരണം തുടങ്ങിയ സമയത്ത്-അധികമാളുകളും ഇവിടെ താമസിക്കാറുമില്ല- അവരുടെ വരവിലും പോക്കിലും പാർക്കിംഗ് നേരത്തും ചില കാരണങ്ങൾകൊണ്ട് ബുദ്ധിമുട്ടുണ്ടായാൽത്തന്നെ തുറന്ന ഹൃദയത്തോടെയും സഹിഷ്ണുതയോടെയും ആ ബുദ്ധിമുട്ട് സഹിക്കേണ്ടതാണ്. കഴിഞ്ഞ ജുമുഅയിലും ഞാൻ പറഞ്ഞിരുന്നതാണ്, കുറച്ചു ദിവസത്തിനുവേണ്ടി ഒരു മുഴുവൻ പട്ടണം ഉണ്ടാക്കുകയാണ്. പിന്നീട് കുറച്ചു ദിവസംകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രവർത്തകരാണ് ഈ എല്ലാ ജോലിയും ചെയ്യുന്നത്. അതിനാൻ ഈ താൽക്കാലികമായ സൗകര്യങ്ങൾ ലഭ്യമാക്കുന്നിടത്ത് കുറച്ചൊക്കെ ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതാണ്. എത്ര നല്ല സജ്ജീകരണമുണ്ടാക്കാൻ ശ്രമിച്ചാലും സ്ഥിരമായ സ്ഥലത്ത് ഉണ്ടാക്കാൻ സാധിക്കുന്നതുപോലെ ചില സൗകര്യങ്ങൾ ഒരുക്കാൻ പറ്റാതെ വരും.

എന്നോടു പറയപ്പെട്ടു: കഴിഞ്ഞ വർഷം പങ്കെടുത്ത ഒരു സ്ത്രീ പന്തലുകളിൽ എ.സി.യ്ക്കുള്ള ഏർപാടുവേണമെന്ന് പറഞ്ഞു. ഉഷ്ണകാലമാണെന്ന് ഞങ്ങൾക്കറിയാം, സംഘാടകർക്കറിയാം. പക്ഷേ, എ.സി.യ്ക്കുള്ള സംവിധാനം ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടാണ്. അത്തരം അവസ്ഥയുണ്ടെങ്കിൽ കാറ്റു കടക്കുന്നതിന് വാതിലുകൾ തുറന്നിടുക. ആളുകൾ കരുതുന്നത് എ.സി.യ്ക്കുള്ള സംവിധാനം ചെയ്യുന്നതും ഫാന്റെ എർപാടു ചെയ്യുന്നതും നിസാരകാര്യമാണെന്നാണ്. ചില ടെക്നിക്പരമായ തടസ്സങ്ങളുണ്ട്. പ്രശ്നങ്ങളും മുമ്പിൽ വരുന്നു. അതുകാരണം അതു നടത്താൻ സാധിക്കുകയില്ല. ഫാനിന്റെ ഏർപാടും ചിലപ്പോൾ ബുദ്ധിമുട്ടാക്കുന്നു. പിന്നീട് ചെലവുകളും നോക്കേണ്ടതുണ്ട്. റബ്വയിൽ ജൽസ നടന്നിരുന്നപ്പോൾ, അല്ലെങ്കിൽ ഖാദിയാനിൽ ജൽസ നടക്കുമ്പോൾ തണുപ്പത്ത്, തുറന്ന മൈതാനത്തും ചിലപ്പോൾ മഴകൊണ്ടും ആളുകൾ ജൽസ കേൾക്കുകയും തണുപ്പ് സഹിക്കുകയും ചെയ്യാറുണ്ട്. അതിനാൽ പങ്കെടുക്കുന്നവർക്ക് ഇത്തരത്തിലുള്ള ചെറിയ ചെറിയ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നാൽ, ചൂട് സഹിക്കേണ്ടിവന്നാൽ സഹിക്കേണ്ടതാണ്.

വിവിധ സാധനങ്ങൾ ആവശ്യപ്പെടുന്ന ആളുകളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു അവസരത്തിൽ പറഞ്ഞു:'സുഖം കിട്ടുമെന്നും തണുത്ത ശർബ്ബത്തു ലഭിക്കുമെന്നും നല്ല ഭക്ഷണം ഉണ്ടാകുമെന്നുമുള്ള ഉദ്ദേശ്യത്തോടെയാണ് ഏതെങ്കിലും അതിഥി ഇവിടെ വരുന്നതെങ്കിൽ അവൻ ആ വസ്തുക്കൾക്കുവേണ്ടി വരുന്നവനാണ്. വാസ്തവത്തിൽ കഴിയുന്നത്ര അതിഥിയെ സൽക്കരിക്കുന്നതിൽ ഒരു കുറവും വരുത്താതിരിക്കുക എന്നത് ആതിഥേയന്റെ നിർബന്ധ കടമയാണ്. അവർക്ക് ആശ്വാസം എത്തിക്കുക. എത്തിക്കുന്നുമുണ്ട്. പക്ഷേ, അതിഥി ഇത്തരം ചിന്താഗതിവെച്ചു പുലർത്തുന്നത് അവന് നഷ്ടത്തിന് കാരണമാകുന്നതാണ്.'(മൽഫൂദാത്ത് വാള്യം 2 പേജ് 372 1985 ലണ്ടൻ)

ഈ ദിനങ്ങളിൽ ഉള്ള സൗകര്യത്തിന് അതിഥി അല്ലാഹുവിനെ ശുക്ർ ചെയ്യേണ്ടതാണ്. പകലും രാത്രിയും ഒന്നാക്കിക്കൊണ്ട് എല്ലാ വകുപ്പുകളിലും അതിഥി സൽക്കാരത്തിന്റെ കടമ നിർവഹിക്കാൻ പരിശ്രമിക്കുന്ന പ്രവർത്തകർക്ക് നന്ദി പറയുക. അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ എങ്ങനെ തയ്യാറെടുക്കണം എന്ന പരിശ്രമത്തിലായിരിക്കണം ജൽസയുടെ ഈ മൂന്നു ദിവസങ്ങളിൽ അതിഥികൾ ഉണ്ടായിരിക്കേണ്ടത്. അല്ലാഹുവിനോടു കൃപാകടാക്ഷം(ഫള്ൽ) ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. അവന്റെ നന്മ ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവിന്റെ അഭയം ചോദിച്ചുകൊണ്ട് ഈ ദിനങ്ങൾ കഴിച്ചുകൂട്ടുക. നബി(സ)തിരുമേനി പറഞ്ഞു: 'ഏതെങ്കിലും സ്ഥലത്ത് താമസം സ്വീകരിച്ചുകൊണ്ട് അല്ലെങ്കിൽ താൽക്കാലികമായി താവളമടിച്ചുകൊണ്ട് ആരാണോ 'ഞാൻ അല്ലാഹുവിന്റെ സമ്പൂർണമായ വചനങ്ങളുടെ അഭയത്തിൽ വരികയും എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹുവിന്റെ അഭയത്തിൽ വരാനാഗ്രഹിക്കുകയും ചെയ്യുന്നുവെന്ന്' ദുആ ചെയ്യുകയും ചെയ്യുന്നത്, അത്തരം വ്യക്തിക്ക് ആ താമസസ്ഥലം ഉപേക്ഷിക്കുകയോ അവിടംവിട്ട് പോകുകയോ ചെയ്യുന്നതുവരെ ഒരു വസ്തുവും ഒരു നഷ്ടവും വരുത്തുകയില്ല.(മുസ്ലിം കിതാബുദ്ദിക്ർ വ ദുആ ഹദീഥ് നമ്പർ 2708)

അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ ദുആ ചെയ്യേണ്ടതാണ്. ലോകത്തിന്റെ അവസ്ഥ നോക്കുമ്പോൾ ഏതെങ്കിലും ദ്രോഹി എപ്പോഴാണ് എന്തെങ്കിലും ദ്രോഹം ചെയ്യാൻ വരുന്നതെന്ന് അറിയില്ല. എത്തരത്തിലുള്ള നഷ്ടമുണ്ടാക്കാനാണ് ചില അക്രമികൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതെന്ന് അറിയില്ല. അതിൽനിന്ന് അല്ലാഹു നമുക്ക് അഭയം നല്കുമാറാകട്ടെ. രോഗങ്ങൾ തുടങ്ങിയ ബുദ്ധിമുട്ടുകളുമുണ്ടാകുന്നു. കുട്ടികളോടൊപ്പം ആളുകൾ വന്നിട്ടുണ്ട്. ഭൂരിഭാഗവും വളരെ വികാരത്തോടെയാണ് വരുന്നത്. കാലാവസ്ഥയിൽ ഏറ്റവുമിറക്കവും ഉണ്ടാകുന്ന കാരണത്താൽ കുട്ടികൾക്ക് അത് ബുദ്ധിമുട്ടിന് കാരണമായിത്തീരുന്നു. കുട്ടികളുമായി വരുന്നവർ അത് ഗൗനിക്കാറുമില്ല. കുട്ടികൾ ദുർബലരാണ്. എന്തെങ്കിലുമൊക്കെ വിഷമം അവർക്കുണ്ടാകാം. അതുകൊണ്ട് ഈ എല്ലാ തരത്തിലുള്ള ദുആകളും ചെയ്യുമ്പോൾ അല്ലാഹു എല്ലാതരം ബുദ്ധിമുട്ടുകളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുന്നതാണ്. എല്ലാ തരത്തിലുള്ള ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുന്നതിന് നമ്മൾ ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

ദുആകൾ സ്വീകരിക്കപ്പെടുന്നതിന് ആരാധനകളോടുള്ള കടമ നിർവഹിക്കേണ്ടതും അത്യാവശ്യമാണെന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതും എല്ലാവർക്കും അറിയുന്നതാണ്. അല്ലാഹു പറഞ്ഞിട്ടുള്ള കാര്യമനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ ഇതിന്റെ അടിസ്ഥാനത്തിലും നിങ്ങളുടെ ജീവിതത്തെ വാർത്തെടുക്കുക. ഈ ദിനങ്ങളിൽ മാത്രമല്ല മറിച്ച് ഈ ഉണ്ടാകുന്ന ശീലം എല്ലാ ഓരോരുത്തരുടേയും ജീവിതത്തിന്റെ സ്ഥിരമായ ഭാഗമായിത്തീരുകയും വേണം.

കുട്ടികളെ കൂട്ടി വരുന്നവരെ കുറിച്ചാണ് ഞാൻ പറഞ്ഞത്. എനിക്കറിയാൻ കഴിഞ്ഞു: രാത്രിയിൽ ചിലയാളുകൾ വന്നു. സംഘാടകരുടെ കൈയിൽ ബിസ്തറുകളും മാറ്റ്റസ്സസും(mattresses) കുറവായിരുന്നു. ചെറിയ കുഞ്ഞുങ്ങളുള്ള ചിലർക്ക് അതുകൊണ്ട് ബുദ്ധിമുട്ടുണ്ടായി. തങ്ങൾകൊണ്ടുവന്ന കമ്പിളുകൾ പുതപ്പിച്ച് ചിലർ കുഞ്ഞുങ്ങളെ ഉറക്കി. ആളുകൾ ആവേശങ്ങൾക്കും വികാരങ്ങൾക്കും വിധേയരായി ചെറിയ കുഞ്ഞുങ്ങളേയും കൊണ്ടുവരാറുണ്ട്. 9,10 മാസമുള്ള അല്ലെങ്കിൽ ഒന്നോ രണ്ടോ വയസ്സുള്ള കുഞ്ഞുങ്ങളെ കൊണ്ടുവരുന്നു. അവർ ഇവിടെ ടെന്റുകളിൽ അല്ലെങ്കിൽ പന്തലുകളിൽ

## ഇർശാദുന്നബ്‌വി(സ)

*"അസ്സ്വലാത്തു ഇമാദുദ്ദീൻ."*
നമസ്കാരം മതത്തിന്റെ തൂണാകുന്നു.
(നാല്പത് ഹദീഥുകൾ)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## കലാമുൽഇമാം:

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: "മുസ്ലീംകൾ വിശുദ്ധ ഖുർആനെ പൂർണമായും പിൻപറ്റിയും കീഴ്പ്പെട്ടും ജീവിക്കാത്തിടത്തോളം അവർക്ക് ഒരു തരത്തിലുള്ള പുരോഗതിയും കൈവരിക്കാൻ സാധിക്കുകയില്ല."
(മൽഫൂദാത്ത് വാള്യം 4 പേജ് 379)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഹദീഥുന്നബ്‌വി(സ)

"അല്ലാഹുവിന്റെ ഖലീഫ ഭൂമിയിലുണ്ടെന്നു നിങ്ങൾ കണ്ടാൽ അദ്ദേഹവുമായി ചേർന്നുകൊളളുക; നിങ്ങളുടെ ശരീരം കഷണംകഷണമാക്കപ്പെട്ടാലും നിങ്ങളുടെ മുതൽ കൊള്ളയടിക്കപ്പെട്ടാലും വേണ്ടില്ല." (മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീഥുനമ്പർ 22333)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

താമസിക്കുന്നു. ഇവിടെ ശരിയായ ഏർപാടില്ലെന്നും തണുപ്പ് കൂടുതലാണെന്നും മറ്റെവിടെയെങ്കിലും പോകുക എന്നും പറയുമ്പോൾ അവർ പറയുന്നത് സാരമില്ല തങ്ങളും തങ്ങളുടെ കുട്ടികളും സഹിച്ചുകൊള്ളാമെന്നും ജൽസയുടെ ചുറ്റുപാടിനെ പൂർണമായും പ്രയോജനപ്പെടുത്താൻ തങ്ങൾക്കിവിടെത്തന്നെ രാത്രി കഴിച്ചുകൂട്ടണമെന്നുമാണ്. സൗഖ്യത്തിനും സൗകര്യത്തിനുംവേണ്ടി അങ്ങനെ പറയുന്ന ആളുകളുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളിലെ ഭൂരിപക്ഷവും തങ്ങൾ ജൽസ കേൾക്കാൻ വന്നവരാണെന്ന് പറയുന്ന ഇത്തരക്കാരാണ്. ഒരു പ്രശ്നവുമില്ല, കുറച്ചൊക്കെ സഹിക്കേണ്ടി വന്നാൽ തങ്ങൾ സഹിച്ചുകൊള്ളുമെന്ന് അവർ പറയുന്നു. അവർ മാനസികമായി കരുത്തരാണ്. കുട്ടികളേയും അവർ മാനസികമായി കരുത്താരാക്കാൻ ആഗ്രഹിക്കുന്നു. എന്തായാലും ഇങ്ങനെയുള്ള അതിഥികളുണ്ട്. അവർ കാരുണ്യങ്ങളുമായി വരുന്നവരാണ്. അത്തരം അതിഥികളെക്കൊണ്ട് അല്ലാഹു ആതിഥേയരുടെ ജോലിയും എളുപ്പമാക്കുന്നു.

ഞാൻ പറയുകയുണ്ടായി. ചിലർക്ക് രാത്രിയിൽ ബുദ്ധിമുട്ടുണ്ടായി. കഴിഞ്ഞ രാത്രിയിലുണ്ടായ ബുദ്ധിമുട്ട്, ബിസ്തറുകളിലും മാറ്റ്റസ്സസു(mattresses)കളിലുമുണ്ടായ കുറവ് അല്ലെങ്കിൽ അതിഥികൾക്ക് ഏതെങ്കിലും വിധത്തിലുണ്ടായ വിഷമം ഇന്നു രാത്രി സംഘാടകർ അകറ്റുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇൻശാഅല്ലാഹ്

ജൽസയിൽ പങ്കെടുക്കുന്നവർ താമസിച്ചു വരുന്ന കാരണത്താലുണ്ടാകുന്ന ബഹളമൊഴിവാക്കാൻ നമസ്കാര സമയങ്ങളിൽ നേരത്തെ വന്നിരിക്കാൻ ശ്രമിക്കുക. ഭക്ഷണ കാരണത്താൽ താമസം നേരിടുന്നെങ്കിൽ ഭക്ഷണം വിതരണം ചെയ്യുന്ന പ്രവർത്തകർ അല്ലെങ്കിൽ ആരിലാണോ നമസ്കാര സമയത്തിന്റെ ചുമതലയുള്ളത് അവരെ, അതിഥികൾ ഭക്ഷണം കഴിക്കുകയാണെന്നും 10,15 മിനിറ്റ് കാത്തിരിക്കുക എന്നുമുള്ള വിവരം അറിയിക്കുക. ആ വിവരം അവർ എന്നേയും അറിയിക്കേണ്ടതാണ്. ഞാൻ അവരെ കാത്തിരിക്കുന്നതാണ്. കൃത്യസമയത്തെത്താൻ ശ്രമിച്ചിട്ടും തിരക്കുകാരണത്താൽ ഞാനും താമസിക്കാറുണ്ട്. ചിലപ്പോൾ കൂടുതൽ താമസിക്കാറുണ്ട്. പ്രത്യേകിച്ച് പുറത്തുള്ള അതിഥികളുമായി ജമാഅത്തിൽപ്പെടാത്ത അതിഥികളുമായി കൂടിക്കാഴ്ച നടന്നുകൊണ്ടിരിക്കുമ്പോൾ താമസം നേരിടുന്നു. എന്നാൽ, ഇങ്ങനെയൊക്കെയായിട്ടും ഞാൻ വന്നതിനും നമസ്കാരം ആരംഭിച്ചതിനും ശേഷവും ധാരാളമാളുകൾ അകത്തുവരുന്നത് എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ ഭാഗത്തേക്ക് അതിഥികളും തർബിയ്യത്തുവകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തടിയുടെ തറയായ കാരണത്താൽ പിന്നീടു വരുന്നവർ നടക്കുന്ന ശബ്ദങ്ങൾ ഒഴിവാക്കുന്നതിന് ജൽസയിൽ പങ്കെടുക്കുന്നവർ നമസ്കാരങ്ങളുടെ നേരത്തിന് മുമ്പേ വന്നിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ആദ്യം വന്നിരിക്കുന്നവർ ദുആകളിലും ദിക്റുകളിലും മുഴുകുക. അതിനും പ്രതിഫലമുണ്ട്. എല്ലാ ചെറുതിൽ ചെറുതായ കാര്യങ്ങൾക്കുപോലും അല്ലാഹു പ്രതിഫലം നല്കുന്നു. മസ്ജിദിൽ നമസ്കാരം പ്രതീക്ഷിച്ചിരിക്കുന്നതിനും ഒരു പ്രതിഫലമുണ്ട്.(സ്വഹീഹ് ബുഖാരി കിതാബുൽ അദാൻ ഹദീഥ് 651)

അതിനാൽ ഈ പ്രതിഫലവും നഷ്ടപ്പെടുത്തിക്കളയാതിരിക്കേണ്ടതാണ്. വെളിയിൽനിന്ന് അവിടെത്തേയും ഇവിടെത്തേയും കാര്യങ്ങൾ പറഞ്ഞ് സമയം കളയുന്നതിനുപകരം, ഞാൻ വരികയും എന്നിട്ട് ഉള്ളിൽ കടക്കുകയും നമസ്കാരം തുടങ്ങിയതിനുശേഷം ഉള്ളിൽ കയറുകയും ചെയ്യുന്നതിനു പകരം ഈ മൂന്നുദിവസം ശരിയായനിലയിൽ ഉപയോഗിക്കുന്നതായിത്തീരുകയും ചെയ്യും. ഞാൻ പറഞ്ഞതുപോലെ ആ നേരത്ത് തടികൊണ്ടുള്ള തറയിൽനിന്നുയരുന്ന ശബ്ദം കാരണത്താൽ നമസ്കരിക്കുന്നവന്റെ നമസ്കാരവും അലങ്കോലപ്പെടുന്നതാണ്.

ഇപ്രകാരംതന്നെ നമസ്കാരങ്ങളുടെ നേരങ്ങളിലും ജൽസയുടെ സമയങ്ങളിലും നിങ്ങളുടെ ഫോൺ ഓഫ് ചെയ്ത് വെക്കുക. ഇല്ലെങ്കിൽ കുറഞ്ഞ പക്ഷം സൈലന്റിലാക്കി വെക്കുക. ഇനി ആർക്കെങ്കിലും അടിയന്തര കോൾ വരാനുണ്ടെങ്കിൽ അല്ലെങ്കിൽ വരാൻ സാധ്യതയുണ്ടെങ്കിൽ ഏറ്റവും കുറഞ്ഞത് ഉച്ചത്തിലുള്ള ശബ്ദം ബന്ധാക്കി വെക്കുക. ഈ വർഷം ഇവിടെ മൊബൈലിനുള്ള ഏർപാട് സംഘാടകർ നല്ലനിലയിൽ ആക്കിയിട്ടുണ്ട്. പട്ടണങ്ങളിൽ കിട്ടുന്നതുപോലെ ഇവിടെ കവറേജ് കിട്ടുമെന്നാണ് ഈ വകുപ്പിലുള്ളവർ അവകാശപ്പെടുന്നത്. അവരുടെ ഈ വാക്കു കേട്ട് ധാരാളമാളുകൾ അവരുടെ സിം ഇട്ടിട്ടുമുണ്ടാകാം. അതുകൊണ്ട് പ്രത്യേക അവസരത്തിനായി ലഭ്യമാക്കിയിട്ടുള്ള ഈ സൗകര്യംകൊണ്ട് എല്ലാ ഫോണുകളുടേയും ബെല്ലടിക്കുന്ന കാരണത്താൽ ജൽസ നടക്കുമ്പോഴും നമസ്കരിക്കുമ്പോഴും ആളുകളെ ബുദ്ധിമുട്ടിക്കാൻ പാടില്ല. അങ്ങനെ മറ്റൊരു പ്രശ്നവും തലപൊക്കും.

കാറിൽവരുന്ന ആളുകൾ സംഘാടകർക്ക് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ ട്രാൻസ്പോർട്ട് വകുപ്പിനോട് പൂർണമായും സഹകരിക്കേണ്ടതാണ്. ഇപ്രാവശ്യം പാർക്കിംഗം സംവിധാനം നല്ല നിലയിലാക്കാൻ സംഘാടകർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, ഏതേർപാടുകളും നല്ല നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ ജൽസയിൽ വരുന്നവരുടെ പൂർണ സഹകരണം നിർബന്ധമാണ്. സ്കാനിംഗിന്റെ വകുപ്പുമായും പൂർണമായും സഹകരിക്കുക. ഈ എല്ലാ ഏർപാടുകളും ചെയ്യുന്നത് പങ്കെടുക്കുന്നവരുടെ സൗകര്യത്തിനും സംരക്ഷണത്തിനും വേണ്ടിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മനോഹാരിത എന്ന് പറയുന്നത് ഓരോ അഹ്മദിയും സജ്ജീകരണങ്ങളുടെ ഭാഗമാകുന്നു എന്നതാണ്. അവർ ജൽസയിൽ സേവനം ചെയ്യാൻ വരുന്ന പ്രവർത്തകരാണെങ്കിലും വേണ്ടില്ല സാധാരണക്കാരാണെങ്കിലും വേണ്ടില്ല. അതുകൊണ്ട് പ്രത്യേകമായും പാർക്കിംഗ്, സ്കാനിംഗ്, ഭക്ഷണം കഴിക്കുന്ന സ്ഥലങ്ങൾ ജൽസ ഗാഹ് എന്നിവിടങ്ങളിൽ എപ്പോഴും എല്ലാ ഓരോരുത്തരും ജാഗ്രതയോടും മുൻകരുതലോടുംകൂടി ഇരിക്കേണ്ട ആവശ്യമാണുള്ളത്. ചുറ്റുപാടും ദൃഷ്ടി വെക്കേണ്ട ആവശ്യമാണുള്ളത്. എവിടെയെങ്കിലും എന്തെങ്കിലും അസാധാരണ വസ്തുക്കൾ കണ്ടാൽ അല്ലെങ്കിൽ ആരുടെയെങ്കിലും അസാധാരണമായ ചലനം കണ്ടാൽ ക്ഷണത്തിൽ സംഘാടകരേയും ജാഗ്രതപ്പെടുത്തുക, സ്വയവും ജാഗരൂകരാകുക. പക്ഷേ, ഏതവസ്ഥയാണെങ്കിലും പരിഭ്രാന്തി (panic) ഒട്ടുമുണ്ടാകാൻ പാടില്ല. തങ്ങളുടെ സ്വകാര്യ ടെന്റുകളിൽ വസിക്കുന്നവർ അല്ലെങ്കിൽ ഒന്നിച്ചു താമസിക്കാൻ ഒരുക്കിയിട്ടുള്ള പന്തലിൽ താമസിക്കുന്നവർ തങ്ങളുടെ വിലപിടിച്ച വസ്തുക്കൾ സ്വയം കൈയിൽ സൂക്ഷിക്കുക. പ്രത്യേകിച്ചും സ്ത്രീകൾ ഓർമിക്കുക, അവരുടെ പക്കൽ സ്വർണാഭരണങ്ങൾ വല്ലതുമുണ്ടെങ്കിൽ അത് അണിഞ്ഞുകൊള്ളുക. ഒന്നാമതായി പറയാനുള്ളത് ജൽസയ്ക്കുവരുമ്പോൾ അത്തരം വസ്തുക്കൾ കൊണ്ടുവരരുതെന്നാണ്. ദീനീ പരമായ അന്തരീക്ഷത്തിൽ ദിവസം കഴിയ്ക്കുന്നതിനുവേണ്ടിയാണ് ഇവിടെ വരുന്നത്. ഭൗതികമായ ഏതെങ്കിലും ഫംങ്ഷനിൽ പങ്കെടുക്കാനല്ല. അതിനാൽ കൊണ്ടുവരുന്ന ആഭരണങ്ങൾ സൂക്ഷിച്ചു വെക്കേണ്ടതാണ്. എന്നാൽ, നിത്യവും വരുന്ന സ്ത്രീകളും ആഭരണങ്ങളിലേക്കും വസ്ത്രങ്ങളിലേക്കും നോക്കുന്നതിനുപകരം ജൽസയുടെ ഈ ദിനങ്ങളിൽ നിങ്ങളുടെ ആത്മീയമായ അഭിവൃദ്ധി ശ്രദ്ധിക്കുക.

ജൽസ ദിനങ്ങളിൽ ചില വകുപ്പുകൾ തങ്ങളുടെ എക്സിബിഷനും വെച്ചിട്ടുണ്ട്. ഇതിൽ ചരിത്രവിഭാഗവും ചരിത്രരേഖകൾ സൂക്ഷിക്കുന്ന വിഭാഗവും എക്സിബിഷനുള്ള ഏർപാടുകൾ ചെയ്തിരിക്കുന്നു. കഴിഞ്ഞ വർഷം ചെയ്തതുപോലെ റിവ്യൂ ഓഫ് റിലീജ്യൺസും വിശുദ്ധ ഖുർആനിന്റെ പതിപ്പുകളും ഹദ്റത്ത് ഈസാ (അ)ന്റെ തിരുശീലയും ഉദ്ധരിച്ച് എക്സിബിഷനുള്ള സംവിധാനം ചെയ്തിരിക്കുന്നു. ഇത് കഴിഞ്ഞ വർഷത്തെക്കാൾ മെച്ചപ്പെട്ടതായേക്കാം. ഇതുരണ്ടും അതിന്റെ പ്രവർത്തന വൃത്തത്തിൽ വളരെ അറിവു പകരുന്ന എക്സിബിഷനുകളാണ്. പുരുഷന്മാർക്കും സ്ത്രീകൾക്കും സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇതിനെ പ്രയോജനപ്പെടുത്താനും ശ്രമിക്കുക. വീണ്ടും പ്രത്യേകമായ നിലയിൽ ഞാൻ പറയുകയാണ്, ദുആകളിലേക്ക് ശ്രദ്ധിക്കുക. നമസ്കാരങ്ങൾക്കും നഫ്ലുകൾക്കും പുറമെ ദിക്റെ ഇലാഹിയിലും സ്വലാത്ത് ചൊല്ലുന്നതിലും മറ്റു ദുആകൾ ചെയ്യുന്നതിലും സമയം ചെലവഴിക്കുക.

അല്ലാഹു ഈ ജൽസയെ എല്ലാ വിധത്തിലും അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ എല്ലാ ദുആകളും സ്വീകരിക്കുമാറാകട്ടെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും നമ്മെ സുരക്ഷിതമാക്കി വെക്കുമാറാകട്ടെ. ആമീൻ.

(പേജ് 6ൽ നിന്ന്)

യിക്കുന്നു. മുഴുലോകത്തിനും കാരുണ്യമായ നബി(സ) ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ബുദ്ധിമുട്ടുകളെക്കുറിച്ചും വിഷമങ്ങളെക്കുറിച്ചും അറിഞ്ഞു. ഈ അക്രമിക്കപ്പെട്ട സ്ത്രീ ഒരു നേതാവിന്റെ മകളാണെന്നും നേതാവിനെ ചേരുകയുള്ളുവെന്നും അതുകൊണ്ട് അവരെ സഹായിക്കാനും വിവാഹം ചെയ്തു വീട്ടിൽ കൊണ്ടു വരാനും അല്ലാഹു നബി(സ)യ്ക്ക് തോന്നിപ്പിക്കുകയായിരുന്നു.

മക്കയിലെ നേതാക്കന്മാരെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. അറേബ്യയിൽ നിലനിന്നിരുന്നത് ഗോത്രവ്യവസ്ഥിതിയായിരുന്നു. ഓരോ ഗോത്രത്തിനും അവരുടെ നേതാവുണ്ടായിരുന്നു. അവരെ വിളിച്ചിരുന്നത് റഈസ് എന്നാണ്. ഒരു ഗോത്രത്തിലെ പെൺകുട്ടി മറ്റൊരു ഗോത്രത്തിലെ ആൺകുട്ടിയെ വിവാഹം കഴിച്ചാൽ ആ ഗോത്രങ്ങൾ തമ്മിൽ സുഹൃത്ബന്ധത്തിലാകുക പതിവായിരുന്നു. ഒരു ഗോത്രം മറ്റൊരു ഗോത്രവുമായി യുദ്ധമുണ്ടായാൽ തലമുറ തലമുറ കൈമാറി ചിലപ്പോൾ വർഷങ്ങളോളം അതു നീണ്ടുനില്ക്കുമായിരുന്നു. ആ ഘട്ടത്തിലാണ് നബി(സ)തിരുമേനി ഇസ്ലാമിന്റെ സന്ദേശവുമായി വരുന്നത്. സമാധാന സംസ്ഥാപനമായിരുന്നു അതിന്റെ ഉദ്ദേശ്യം. നബി(സ) തിരുമേനി ഖുറയ്ശീ നേതാക്കളുടെ പെൺമക്കളെ വിവാഹം ചെയ്ത് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം സൃഷ്ടിച്ചു. വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നു: 'നിങ്ങൾക്കും നിങ്ങൾ ഏതൊരുകൂട്ടരുമായികൂടുതൽ ശത്രുതയിൽ വർത്തിക്കുന്നുവോ അവർക്കും തമ്മിൽ അല്ലാഹു സ്നേഹമുണ്ടാക്കിയെന്നു വരാം.'(60:8) (തുടരും)

1. മുത്വഹ്ഹർ ആയിലീ സിന്ദഗീ പേജ് 76
2. അസ്ദുൽഗാബഃ പേജ് 113, സയ്ർറുസ്സ്വഹാബിയാത് പേജ് 82.
3. അൽഫദ്ൽ 2003 ഒക്ടോബർ 31.
4. സയ്ർറുസ്സ്വഹാബിയാത് പേജ് 84.
5. സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 124,827.
6 മുത്വഹ്ഹർ ആയിലീ സിന്ദഗീ പേജ് 76
7. ദീബാചഃ തഫ്സീറുൽഖുർആൻ പേജ് 121.
8. ഖുലാസ്വഃ സീറത്തു ഖാത്തമുന്നബിയ്യീൻ
9. ത്വബഖാത്ത് ഇബ്നുസഅ്ദ് വാല്യം 8 പേജ് 128, 135

Website Design & Online Marketing
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഹദ്റത്ത് ഉമ്മുഹബീബഃ(റ)

*(അമത്തുൽബാരി നാസിർ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ റദിയല്ലാഹു അൻഹാ എന്ന ലഘുകൃതിയോടു കടപ്പാട്)*

ഹദ്റത്ത് മുഹമ്മദുനബി(സ)യുടെ പരിശുദ്ധപത്നി ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് ഉമ്മുഹബീബഃ(റ)യെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ജീവിതം തുടങ്ങുന്നത് ഇസ്ലാമിന്റെ ആരംഭകാലത്താണ്. ഹദ്റത്ത് ഉമ്മു ഹബീബഃ(റ)യും അവരുടെ ഭർത്താവ് ഉബയ്ദുല്ലാഹ് ബിൻ ജഹ്ശും ഇസ്ലാം സ്വീകരിച്ചത് മുസ്ലീംകൾ അംഗുലീ പരിമിതമായിരുന്ന കാലത്തായിരുന്നു.[1]

അവരെ ആരംഭകാല മുസ്ലീംകളിൽ സ്മരിക്കപ്പെടുന്നത് വലിയൊരു നല്ല കാര്യമാണ്. അതായതു ഇസ്ലാമിന്റെ ആരംഭകാലത്തുതന്നെ അവർക്കതു സ്വീകരിക്കാൻ ഭാഗ്യം ലഭിച്ചു. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ രണ്ടാമത്തെ മഹത്വം ഇസ്ലാമിനു വേണ്ടിയുള്ള അവരുടെ ഹിജ്റത്താണ്. അല്ലാഹുവിനു വേണ്ടിമാത്രം സ്വദേശം വെടിയുന്നതിനെയാണ് ഇസ്ലാമിൽ ഹിജ്റത്ത് എന്നു പറയുന്നത്. അതിനെ അല്ലാഹു വളരെ ഇഷ്ടപ്പെടുന്നു. അതിനു ഒരുപാടു പ്രതിഫലവും നല്കുന്നു. ഇസ്ലാമിൽ തുടക്കം കുറിക്കുകയും ഹിജ്റത്തു ചെയ്യുകയും ചെയ്തതിനു ശേഷം ഏറ്റവും വലിയ സൗഭാഗ്യം അവർക്കു ലഭിച്ചത് നബി(സ)തിരുമേനിയുടെ ഭാര്യാപദം അലങ്കരിക്കുക എന്നതായിരുന്നു. ഇങ്ങനെ ഹദ്റത്ത് ഉമ്മുഹബീബഃ(റ) മനുഷ്യകുലോത്തമനുമായി അതായതു ലോകത്തെ ഏറ്റവും നല്ല മനുഷ്യനുമായി കൂടിച്ചേരുകയും സകല വിശ്വാസികൾക്കും മാതാവായിത്തീരുകയും ചെയ്തു. എത്ര വലിയ പാരിതോഷികങ്ങളാണ് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് ലഭിച്ചത്. അല്ലാഹു അവർക്കു സ്വർഗത്തിൽ ഉന്നതമായ സ്ഥാനം നല്കുമാറാകട്ടെ. അവരുടെ ഉപദേശം സ്വീകരിച്ച് നടക്കാൻ നമുക്കും ഭാഗ്യം ലഭിക്കുമാറാകട്ടെ. ആമീൻ. ഇത്ര നല്ലൊരു സ്ത്രീ ഇസ്ലാമിന്റെ വൻശത്രുക്കളിലൊരാളായ അബൂസുഫിയാന്റെ മകളായിരുന്നു എന്നു കേൾക്കുമ്പോൾ നിങ്ങൾ അത്ഭുതപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല.

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ യഥാർഥ പേര് റംല എന്നായിരുന്നു. ഉമ്മയുടെ പേര് സ്വഫിയഃ ബിൻത് അബുൽആസ്. ഒരു നിവേദനത്തിൽ അവരുടെ പേര് ഹിന്ദഃ എന്നായിരുന്നുവെന്നും വന്നിട്ടുണ്ട്.[2] റംലായുടെ രണ്ടു സഹോദരന്മാരായിരുന്നു അമീർ മുആവിയായും യസീദും. ബനു ഉമയ്യഃ ഭരണകൂടത്തിന്റെ സ്ഥാപകനാണ് അമീർ മുആവിയഃ.[3] യസീദു ബിൻ അബൂസുഫിയാൻ മക്ക വിജയ ദിവസം ഇസ്ലാം സ്വീകരിച്ചു.

ഉബയ്ദുല്ലാഹ് ബിൻ ജഹ്ശിൽനിന്ന് ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് ഒരു പെൺകുട്ടി പിറന്നിരുന്നു. അവളുടെ പേര് ഹബീബഃ എന്നായിരുന്നു.[4] ഇക്കാരണത്താലാണ് അവർ ഉമ്മുഹബീബഃ (ഹബീബഃയുടെഉമ്മ)എന്നറിയപ്പെട്ടത്. യഥാർഥ പേരിൽ അറിയപ്പെടുന്നതിനെക്കാൾ കൂടുതൽ ഉമ്മുഹബീബഃ എന്ന പേരിലാണ് അവർ പ്രസിദ്ധയായത്. ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ ഭർത്താവ് ഉബയ്ദുല്ലാഹ് നബി(സ)തിരുമേനിയുടെ പിതൃസഹോദരിയുടെ മകനായിരുന്നു.[5] മക്കയിൽ ബിംബാരാധന തിമിർത്താടിയിരുന്ന കാലമായിരുന്നു അത്. പക്ഷേ, ഉബയ്ദുല്ലാഹ് അതിൽനിന്ന് വിട്ടുനിന്നു. സ്രഷ്ടാവായ അല്ലാഹുവിനെ ഏകനായി മനസ്സിലാക്കി. അതുകൊണ്ടു ഇസ്ലാമിന്റെ സന്ദേശം കിട്ടിയയുടനെ തന്റെ ഭാര്യയോടൊപ്പം അതു സ്വീകരിച്ചു.[6]

പാവപ്പെട്ടവരും ദുർബലരുമായിരുന്നു ഇസ്ലാമിലെ ആരംഭകാല വിശ്വാസികൾ. ജനങ്ങൾ അവർക്കു ഒരു പ്രാധാന്യവും നല്കിയിരുന്നില്ല. മുഷ്ടിയിൽ ഒതുങ്ങിയ മുസ്ലീംകൾ ഒരു സ്വഹാബിയായ ഹദ്റത്ത് അർഖം(റ)ന്റെ വീട്ടിൽ സംഘടിക്കാറുണ്ടായിരുന്നു. അവിടെ ആരാധനാകർമങ്ങൾ അനുഷ്ഠിക്കുകയും നബി(സ)തിരുമേനിയുടെ പുതിയ പുതിയ നിർദേശങ്ങൾ കേൾക്കുയും ചെയ്തിരുന്നു. എന്നാൽ, മെല്ലെ മെല്ലെ കൂടുതലാളുകൾ ഇസ്ലാമിലേക്കു ശ്രദ്ധിക്കാൻ തുടങ്ങിയപ്പോൾ പതുക്കെപ്പതുക്കെ മക്കയിലെ നിഷേധികൾ ഞെട്ടാനും തുടങ്ങി. പിന്നീടു ഹദ്റത്ത് ഉമർ(റ)ഇസ്ലാം സ്വീകരിക്കുകയും അത് പരക്കുകയും ചെയ്തു. മക്കയിലെ ദുർബലരായ ആളുകളിൽ അപ്പോൾ ഇസ്ലാം ഒതുങ്ങി നിന്നില്ല. ഹദ്റത്ത് ഉമറിനെപ്പോലുള്ള ധീരനും നിർഭയനുമായ നേതാവും ഇസ്ലാമിൽ ചേർന്നതോടെ തുറന്ന നിലയിലുള്ള എതിർപ്പും ആരംഭിച്ചു. പലരീതിയിലും ബുദ്ധിമുട്ടിക്കാൻ തുടങ്ങി. മുസ്ലീംകളിലാരെങ്കിലും ആരോടെങ്കിലും ഇസ്ലാമിനെക്കുറിച്ചു സംസാരിച്ചാൽ കേൾക്കാൻ അനുവദിച്ചിരുന്നല്ല. ലോകത്തു വന്നിട്ടുള്ള സകല നബിമാർക്കും ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെന്ന് നമുക്കറിയാം. എല്ലാ നബിമാരേയും അവരിൽ വിശ്വസിച്ചവരേയും കഠിനമായി പീഢിപ്പിച്ചിരുന്നു.

മക്കക്കാരുടെ അക്രമം അതിരു കടന്നപ്പോൾ അല്ലാഹുവിന്റെ ദൂതനായ ഹദ്റത്ത് മുഹമ്മദു നബി(സ) തന്റെ സ്നേഹിതന്മാരെ വിളിച്ചിട്ടു പറഞ്ഞു: “പടിഞ്ഞാറു ഭാഗത്ത് കടൽ കടന്നാൽ ഒരു സ്ഥലമുണ്ട്. അല്ലാഹുവിനെ ആരാധിക്കുന്നു എന്ന കാരണത്താൽ അവിടെ ആരേയും ദ്രോഹിക്കാറില്ല. മതം മാറുന്നതുകൊണ്ടു ആരേയും കൊല്ലാറുമില്ല. അവിടെ നീതിമാനായ ഒരു രാജാവുണ്ട്. നിങ്ങൾ ഹിജ്റ ചെയ്തു അവിടെ പൊയ്ക്കൊള്ളുവിൻ. ഒരുപക്ഷേ, സുഗമമായ ജീവിതം നിങ്ങൾക്കവിടെ ലഭിക്കും. നബി(സ)തിരുമേനിയുടെ ആ നിർദേശമനുസരിച്ച് കുറച്ചു മുസ്ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും അബീസീനിയായിലേക്കു (ഹബ്ശഃ)പോയി. മക്കയിൽനിന്ന് പുറപ്പെട്ടുപോകുക എന്നതു അവർക്കു അസഹ്യമായിരുന്നു. മക്കക്കാർ തങ്ങളെ കഅ്ബഃ ദേവാലയത്തിന്റെ മുത്തവല്ലിയായി കരുതിയിരുന്നവരാണ്. അവിടെ നിന്ന് പുറത്തുപോകുക എന്നത് അവർക്കു വല്ലാത്തൊരു ആഘാതമായിരുന്നു. ലോകത്തു മറ്റൊരു മാർഗവും കാണാത്ത വ്യക്തിക്കു മാത്രമെ ഇങ്ങനെയൊരു കാര്യം പറയാനൊക്കുകയുള്ളു.[7]

അബീസാനിയായിൽ ക്രൈസ്തവ ഭരണമായിരുന്നു. അവിടെത്തെ രാജാവിനെ നജ്ജാശി എന്നാണ് വിളിച്ചിരുന്നത്. അപ്പോഴത്തെ രാജാവിന്റെ പേര് ‘അസ്ഹമഃ’ എന്നായിരുന്നു. അദ്ദേഹത്തെ അസ്ഹമ നജ്ജാശിയെന്നോ വെറും നജ്ജാശിയെന്നോ ജനങ്ങൾ പറഞ്ഞിരുന്നു. ഈ രാജാവ് നല്ലയാളായിരുന്നു. അദ്ദേഹം ഹിജറചെയ്തു ചെന്നവരോടു നല്ലനിലയിൽ പെരുമാറി. നബി(സ)തിരുമേനി പ്രവാചകത്വം വാദിച്ച് അഞ്ചു വർഷം കഴിഞ്ഞപ്പോൾ രഹസ്യമായി ഹിജ്റ പോയവരുടെ അംഗസംഖ്യ 100-ൽ അധികമായി. ഈ ഹിജറപോയവരിൽ ഉബയ്ദുല്ലാഹ് ബിൻ ജഹ്ശും ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുമുണ്ടായിരുന്നു. ഉബയ്ദുല്ലായുടെ ദൗർഭാഗ്യമെന്നു പറയട്ടെ, ഏതോ കാരണത്താൽ അയാളുടെ മനസ്സ് ഇസ്ലാമിൽനിന്ന് വ്യതിചലിച്ചു. അയാൾ മുർത്തദ്ദായി. അതേ അവസ്ഥയിൽ ഹബ്ശഃയിൽവച്ച് മരിക്കുകയുംചെയ്തു.[8]

ഹദ്റത്ത് ഉമ്മുഹബീബഃ(റ)യ്ക്ക് അല്ലാഹു സൽസ്വപ്നങ്ങൾ കാണിക്കാറുണ്ടായിരുന്നു. ഭാവിയിലെന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവർ അതിൽനിന്ന് ഗ്രഹിച്ചെടുക്കുമായിരുന്നു. ഹദ്റത്ത് ഉമ്മുഹബീബഃ(റ) പറയുന്നു: “ഞാൻ എന്റെ ഭർത്താവ് ഉബയ്ദുല്ലായെ അങ്ങേയറ്റം പരിതാപകരവും വെറുക്കപ്പെട്ടതുമായ അവസ്ഥയിൽ കണ്ടു. അതുകണ്ടപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. അയാൾക്കുണ്ടാകാൻ പോകുന്ന സ്വഭാവമാറ്റമാണതെന്ന് ഞാൻ അതിനെ വ്യാഖ്യാനിച്ചു. നേരം വെളുത്തപാടെ ഉബയ്ദുല്ലാഹ് പറഞ്ഞു: ‘ഉമ്മുഹബീബാ! ഞാൻ മതങ്ങളെക്കുറിച്ചു ചിന്തിച്ചു. ക്രൈസ്തവ മതത്തെക്കാൾ നല്ലതായി മറ്റൊരു മതത്തേയും എനിക്കു കാണാൻ കഴിഞ്ഞിരുന്നില്ല. ഞാൻ അതിന്റെ അടുത്ത് എത്തിയതായിരുന്നു. പിന്നീടു ഞാൻ മുഹമ്മദിന്റെ മതം സ്വീകരിച്ചു. ഇപ്പോൾ വീണ്ടും ഞാൻ ക്രിസ്ത്യാനി ആകുകയാണ്.’ ഇതുകേട്ട് ഞാൻ പറഞ്ഞു: ‘അല്ലാഹുവാണ! ആ മതത്തിൽ നിങ്ങൾക്കൊരു നന്മയുമില്ല.’ എന്നിട്ട് ഞാൻ കണ്ട സ്വപ്നവും അയാളോടു പറഞ്ഞു. പക്ഷേ, അയാൾ സ്വപ്നത്തിനു ഒരു പരിഗണനയും നല്കിയില്ല. മദ്യപാനം തുടങ്ങി. അതിൽതന്നെ മരിക്കുകയും ചെയ്തു. പിന്നീടു ഒരാൾ എന്നെ ‘ഉമ്മുൽമുഅ്മിനീൻ’ എന്നു വിളിക്കുന്നതായിട്ട് ഞാൻ സ്വപ്നം കണ്ടു. പരിഭ്രമിച്ച് ഞാൻ ചാടിയെഴുന്നേറ്റു. നബി(സ)തിരുമേനി എന്നെ വിവാഹം കഴിക്കുമെന്ന് ഞാൻ ആ സ്വപ്നത്തെ വ്യാഖ്യാനിച്ചു.”[9]

അല്ലാഹു ഹദ്റത്ത് ഉമ്മുഹബീബഃ(റ)യുടെ മനസ്സ് ഉറപ്പിച്ചു നിറുത്തുകയും അവർ ഇസ്ലാമിൽ നിലകൊള്ളുകയും ചെയ്തു. ഇത്രയും കാലത്തിന്നിടയിൽ ഹദ്റത്ത് ഉമ്മുഹബീബഃ(റ) എത്രമാത്രം വിഷമങ്ങളാണ് സഹിച്ചതെന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക. അബൂസുഫിയാൻ എന്ന അക്രമിയായ പിതാവിനെ നേരിടുക. പിറന്ന നാടു ഉപേക്ഷിക്കുക; അതും വളരെ പ്രയാസത്തോടെ. വിദേശത്തുവച്ച് ഭർത്താവിന്റെ മതപരിത്യാഗം. പിന്നീടു വിധവാജീവിതം. അങ്ങനെ എത്രയെത്ര വിഷമങ്ങളായിരുന്നു അവർ നേരിട്ടത്. അബലയായ ഒരു സ്ത്രീയുടെ മനസ്സ് എങ്ങനെ ഇത്രമാത്രം ഉറച്ചുനിന്നു എന്നാണ് നോക്കേണ്ടത്. അവിടെയാണ് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം കാണാൻ കഴിയുന്നത്. ഒരു ഭാഗത്ത് ഒന്നിനു പിറകെ ഒന്നായി പ്രയാസങ്ങൾ വന്നുകൊണ്ടിരിക്കുന്നുവെങ്കിൽ മറുഭാഗത്ത് ഒന്നിനു ശേഷം ഒന്നായി അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊണ്ടിരിക്കുന്നു. അല്ലാഹു ആരെയെങ്കിലും സ്നേഹിച്ചാൽ പിന്നെ അവനെ നല്ലവണ്ണം സഹാ

(ശേഷം പേജ് 5ൽ)

## ഇർശാദുന്നബ്വി(സ)

നബി(സ)തിരുമേനി പറഞ്ഞു: “ആദമിന്റെ സൃഷ്ടിപ്പ് ഘട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയം മുതൽത്തന്നെ ഞാൻ അല്ലാഹുവിന്റെ അടുത്ത് ലൗഹെ മഹ്ഫൂളിൽ ഖാത്തമുന്നബിയ്യീൻ എന്ന് നിശ്ചയിക്കപ്പെട്ടിരുന്നു.”

(മുസനദ് അഹ്മദ്)

**ത്വാലിബെ ദുആ:**
**അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

## കലാമുൽഇമാം:

“ഇസ്ലാം വലിയ നിഅ്മത്താകുന്നു. അതിനെ വിലമതിക്കുകയും നന്ദി കാണിക്കുകയും ചെയ്യുക.”(മൽഫൂദാത്ത് വാല്യം 3 പേജ് 181)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്വി(സ)

നബി(സ)തിരുമേനി പറഞ്ഞു: “യോഗ്യവും ഗൗരവവുമുള്ള ഏതു ജോലിയും അല്ലാഹുവിനെ സ്തുതിക്കാതെയും പ്രകീർത്തിക്കാതെയും തുടങ്ങുകയാണെങ്കിൽ അത് അനുഗ്രഹരഹിതവും ന്യൂനതയുള്ളതുമായിരിക്കും.”

(ഇബ്നുമാജഃ)

**ത്വാലിബെ ദുആ:**
**കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.**

# 2016 മെയ് 17 ന് സ്യൂഡൻ തലസ്ഥാനമായ സ്റ്റോക്ഹോമിൽ സംഘടിപ്പിച്ച സ്വീകരണ പരിപാടിയിൽ അമീറുൽമുഅ്മിനീൻ ചെയ്ത പ്രൗഢഗംഭീരമായ പ്രഭാഷണം കേട്ട അതിഥികളുടെ പ്രതികരണങ്ങൾ

ഇന്നത്തെ ഈ പരിപാടിയിൽ അമീറുൽമുഅ്മിനീൻ ചെയ്ത പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനമാണ് ഉളവാക്കിയത്. ധാരാളം അതിഥികൾ തങ്ങളുടെ വികാരങ്ങളും വിചാരങ്ങളും പ്രതികരണങ്ങളും പ്രകടിപ്പിക്കുകയുണ്ടായി. അവയിലെ അല്പം ചില പ്രതികരണങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്.

● ഒരു അതിഥി തന്റെ പ്രതികരണം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫയുടെ പ്രസംഗം വളരെ ഉന്നതമായിരുന്നു. കാരണം ഈ പ്രസംഗത്തിൽ സ്യൂഡന്റെ ഇപ്പോഴത്തെ പരിതഃസ്ഥിതിയിൽ ഖലീഫയുടെ അഗാധമായ ദൃഷ്ടി കാണാൻ കഴിഞ്ഞു. പ്രത്യേകിച്ചും അഭയാർഥികളുടെ കാര്യങ്ങൾ. ഇതു വളരെ താല്പര്യമുള്ളതായിരുന്നു. സ്യൂഡനിൽ അഭയാർഥികളുടെ വരവിനെ സംബന്ധിച്ച് ഖലീഫയ്ക്കുള്ളത് പ്രത്യേകമായൊരു വീക്ഷണമാണ്. അതായത് അഭയാർഥികൾ ഇവിടെത്തെ സമൂഹത്തിനുവേണ്ടി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റേണ്ടതാണ്. സ്യൂഡൻ ജനതയേയും അവഗണിക്കാൻ പാടില്ല. ഇക്കാര്യം വളരെ നല്ലതായിരുന്നു. സ്യൂഡനിലെ ഒരു രാഷ്ട്രീയ നേതാവും ഇത്തരം കാര്യം പറയാറില്ല.'

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'എന്നെ സംബന്ധിച്ചിടത്തോളം എനിക്കിത് വളരെ നല്ല പരിപാടിയായിരുന്നു. ഇസ്ലാമിനേയും നിങ്ങളുടെ മതത്തേയും കുറിച്ച് എനിക്ക് പുതിയൊരു രേഖാചിത്രം കിട്ടി. കൂടുതൽ ആളുകൾ അവിടത്തെ ശബ്ദം കേൾക്കുകയാണെങ്കിൽ ലോകം കൂടുതൽ മെച്ചപ്പെട്ട സ്ഥലമാകുമായിരുന്നു.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'എനിക്കിന്ന് ഒരുപാട് പഠിക്കാൻ കിട്ടി. ഇതു വളരെ സ്വാധീനമുളവാക്കുന്നതായിരുന്നു. എന്നല്ല അതിനെക്കാളുപരിയാണ്. അത് പ്രതീക്ഷ നല്കുന്നു. ഖലീഫ ഇവിടെ വന്നതിനു എനിക്ക് വളരെ നന്ദിയുണ്ട്. ഖലീഫയുടെ സന്ദേശം നമ്മെ ബോധവാന്മാരാക്കിയിരിക്കുന്നു; ഏതെങ്കിലും കലഹം കണ്ടിട്ട് അത് സ്വയം കെട്ടടങ്ങുമെന്ന് വിചാരിച്ച് നമ്മൾ കണ്ണടക്കാൻ പാടില്ല. ഇതു വളരെ ശക്തമായ സന്ദേശമായിരുന്നു. ഞാൻ അതിന് വളരെ നന്ദിയുള്ളവനാണ്.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇത് വളരെ നല്ലൊരു അനുഭവമായിരുന്നു. മാൽമോ മസ്ജിദിന്റെ ഉൽഘാടനത്തിൽ പങ്കെടുക്കാൻ ക്ഷണം കിട്ടിയപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായി. പക്ഷേ, ഇവിടെ പങ്കെടുത്ത് സന്തോഷത്തിനു അതിരുണ്ടായിരുന്നില്ല. ഞാൻ ഒരുപാട് സ്വാധീനിക്കപ്പെട്ടിരിക്കുന്നു. ഖലീഫയുടെ സന്ദേശം കേട്ടു. എനിക്കതിൽ യുക്തിയും സ്നേഹവും സമാധാനവുമാണ് കിട്ടിയത്. കാരണം അത് അടിമുടി സ്നേഹത്തിന്റെ സന്ദേശമാണ്. ഖലീഫ പ്രസംഗിക്കുന്നതനുസരിച്ച് ഞാൻ സ്വാധീനിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ജനങ്ങളെ ഒരിടത്ത് സംഘടിപ്പിക്കുക എന്നത് വളരെ നല്ല ആഗ്രഹമാണ്. കാരണം ഇക്കാലത്ത് മനുഷ്യനെ മനുഷ്യനിൽനിന്ന് അകറ്റാനാഗ്രഹിക്കുന്ന ശക്തികളാണ് ലോകത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാവരേയും ഒരിടത്ത് സമ്മേളിപ്പിക്കുന്നതിൽ നിങ്ങൾ എല്ലാ വിധത്തിലും വിജയിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മൾ കണ്ടുമുട്ടുമ്പോൾ നമ്മുടെ കണ്ണുകൾ തുറക്കുന്നു. നമുക്ക് കൂടുതൽ പഠിക്കാൻ കിട്ടുന്നു. ഏകപക്ഷീയതയ്ക്കെതിരിൽ പൊരുതാൻ കഴിവ് ലഭിക്കുന്നു. ഇസ്ലാമിന്നെതിരിൽ ഒരുപാട് ഏകപക്ഷീയത നിലനില്ക്കുന്നുണ്ട്. ബഹുഭൂരിഭാഗമാളുകൾക്കും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ലക്ഷ്യമെന്തെന്നറിയില്ല. നമ്മൾ സമ്മേളിക്കുമ്പോൾ ഇതുമുഖേന പരസ്പരമുള്ള സമ്പർക്കം വർധിക്കുന്നു. ഈ രീതിയിൽ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശത്തെ മുന്നോട്ടു പ്രചരിപ്പിക്കാൻ നമുക്കു കഴിയുന്നു.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഇവിടെ വരാൻ നിങ്ങൾ എന്നെ ക്ഷണിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഖലീഫയുടെ വാക്കുകൾ കേട്ട് എനിക്ക് വളരെ നല്ലതായി തോന്നി. ഇത്തരം വിഷയങ്ങളിൽ സംസാരിച്ചതിൽ എനിക്കു സന്തോഷമുണ്ട്. ഇവിടെ ഭൂരിഭാഗം മതനേതാക്കന്മാരും ഇത്തരം കാര്യങ്ങൾ സംസാരിക്കാറില്ല; അഭയാർഥികളുടെ ഉത്തരവാദിത്വമെന്താണെന്ന്! സമൂഹത്തിനോടു അവർക്കുള്ള നിർബന്ധ കടമയെന്താണെന്ന്! സ്യൂഡൻകാർ അഭയാർഥികളെ എങ്ങനെയാണ് ശ്രദ്ധിക്കേണ്ടത്! ഇത് വളരെ ഉള്ളുനിറഞ്ഞ പ്രഭാഷണമായിരുന്നു. സ്യൂഡിഷ് സമൂഹത്തിൽ കൂടിച്ചേരുക എന്നത് അഭയാർഥികളുടെ ഉത്തരവാദിത്വമാണ്. അതിനോടൊപ്പം സ്യൂഡിഷ് സമൂഹത്തിനും രാഷ്ട്രീയ നേതാക്കൾക്കും അവർക്കെങ്ങനെ സമൂഹത്തെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമെന്നുള്ള സന്ദേശവുമുണ്ടായിരുന്നു.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഏതെങ്കിലും ആത്മീയ നേതാവ് പറയുന്ന കാര്യങ്ങൾ നിങ്ങളുടെ ബുദ്ധിയ്ക്കുമാത്രം കനമുള്ളതാകുക എന്നല്ല പ്രത്യുത ആ പറയുന്ന കാര്യങ്ങളുടെ സ്വാധീനം നിങ്ങളുടെ മനസ്സിലും പതിഞ്ഞുകൊണ്ടിരിക്കുക എന്നത് വളരെ ആകർഷണമുണ്ടാക്കുന്നതാണ്. ഇത് എനിക്ക് വളരെ ശക്തി പകരാൻ നിമിത്തമായി. ഇതിൽനിന്ന് എനിക്ക് ഒരു പുതിയ ആവേശമുണ്ടായി; ലോകത്ത് നാശകരമായിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥകളെ നമുക്ക് മാറ്റേണ്ടതാണ്. നമുക്ക് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. യൂറോപ്പിന്റെ ചുറ്റുപാടും നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന അഭയാർഥികളുടെ പ്രശ്നം 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശത്തിന് ചെവിയോർക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുമാണെങ്കിൽ പരിഹരിക്കാവുന്നതാണ്.'

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'ഞാൻ ഈ പരിപാടിയിൽ പങ്കെടുക്കുന്നുവെന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഖലീഫ പറഞ്ഞത് വളരെ സുപ്രധാനമായ സന്ദേശമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതു സമാധാനത്തിന്റേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സന്ദേശമാണ്. എല്ലാവരും ഈ സന്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഞാൻ ഒരുപാട് ആകർഷിക്കപ്പെട്ടിരിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു ജോലിയാണ്. എനിക്ക് ഒരു പുതിയ ഉത്സാഹം കിട്ടിയിരിക്കുന്നു.

● ഒരു അതിഥി തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു:'നിങ്ങൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഉദ്ദേശ്യങ്ങളും അതിന്റെ ബാക്ഗ്രൗണ്ടും നോക്കുമ്പോൾ, ലോകം മുഴുവനുമുള്ള ഖലീഫയുടേയും അഹ്മദികളുടേയും സേവനങ്ങളിൽ ദൃഷ്ടിപ്പതിപ്പിക്കുമ്പോൾ ഇസ്ലാമിന്റെ നന്മകൾ മനസ്സിലാകുന്നു.

● ഒരു അതിഥി അസല ആമറല്യ സാഹിബ് തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫയുടെ സന്ദേശം വളരെ പ്രധാനപ്പെട്ടതായിരുന്നു; അതായത് ഗുണകാംക്ഷയിലൂടേയും മറ്റുള്ളവർക്ക് അവരുടെ വിശ്വാസാദർശങ്ങളിൽ നിലനിൽക്കാനുള്ള അവകാശം കൊടുക്കുന്നതിലൂടേയും മാത്രമേ സമാധാനം സ്ഥാപിതമാകുകയുള്ളു. പ്രത്യേകിച്ചും അഭയാർഥി പ്രതിസന്ധി ഉദ്ധരിച്ച് ഇക്കാര്യം പറഞ്ഞപ്പോൾ വളരെ നന്നായി തോന്നി. തങ്ങൾക്കു കിട്ടിയിരിക്കുന്ന സ്വാതന്ത്ര്യത്തെ വിലമതിക്കുകയും സമൂഹത്തിന് ഉപകാരമുള്ളവരായിത്തീരുകയും ചെയ്യുക എന്നത് അഭയാർഥികളുടെ ഉത്തരവാദിത്വമാണ്. ഖലീഫ തദ്ദേശവാസികളേയും ബോധവൽക്കരിക്കുകയുണ്ടായി; അഭയാർഥികളുടെ ബുദ്ധുമുട്ടുകളിൽ അവരെ സഹായിക്കുക. കൂടുതൽ ആവശ്യങ്ങൾ ഉന്നയിക്കാതിരിക്കുക. ഖലീഫ സമാധാനത്തിന്റെ ചിഹ്നമാണ്. ഞാൻ ഇസ്ലാമിനെക്കുറിച്ച് ഒരുപാട് പഠിച്ചു.

● ഇറാഖിൽനിന്ന് ഒരു ക്രൈസ്തവ അഭയാർഥി സലാം സാഹിബും ഈ അവസരത്തിൽ വന്നിരുന്നു. അദ്ദേഹം തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ഖലീഫ പറഞ്ഞ കാര്യങ്ങൾ വളരെ നല്ലതായിരുന്നു. അദ്ദേഹം വെറും സമാധാനത്തേയും പരസ്പരമുള്ള ഐക്യത്തേയും കുറിച്ചാണ് പറഞ്ഞത്. ഞാൻ ഇറാഖിൽ ഒരിക്കലും ഇത്തരത്തിലുള്ള സംസാരം കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ പറഞ്ഞുകൊണ്ടിരിക്കുന്ന ഇസ്ലാമിന്റെ രൂപം അവിടെ സമർപ്പിക്കാറില്ല. അഹോ കഷ്ടം! ഇറാഖി ജനത ഖലീഫയുടെ സംസാരം കേട്ടിരുന്നെങ്കിൽ ഞങ്ങൾക്ക് ഈ രീതിയിൽ ഹിജ്റത്ത് ചെയ്യേണ്ടിവരുമായിരുന്നില്ല. ഇവിടെ സ്യൂഡിഷ് ജനതയുടെ മുമ്പിൽ കൈനീട്ടാനും വരേണ്ടതില്ലായിരുന്നു. ഞാൻ എന്തോ അവകാശം പിടിച്ചുപറിക്കാനാണ് വന്നതെന്ന് സ്യൂഡിഷ് ജനതക്ക് തോന്നുന്നു. ഇക്കാര്യം എനിക്ക് വളരെ മോശമാണ്. ഇറാഖിൽ നിങ്ങളുടെ ഖലീഫയെ പോലുള്ള ഒരാളുമില്ല. ഖലീഫ വളരെ വ്യക്തമായി സംസാരിക്കുന്നു. ലോകത്തെന്താണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് പറയുന്നു. നിങ്ങളുടെ ജമാഅത്ത് എല്ലാ മുസ്ലിം കക്ഷികളെക്കാളും ഉത്തമമാണ്.

ഒരു അതിഥി Joham Winfalt തന്റെ പ്രതികരണങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'ഖലീഫയുടെ പ്രഭാഷണം ഏറ്റവും ഉന്നതമായിരുന്നു. അതിനു കാരണം ഖലീഫയുടെ വാക്കുകൾ ഹൃദയത്തിൽനിന്ന് പുറത്തുവരുകയും ഹൃദയത്തിൽ പതിക്കുകയും ചെയ്യുന്നുവെന്നതാണ്. രാഷ്ട്രീയ നേതാക്കൾ ജനങ്ങളെ സന്തോഷിപ്പിക്കാനാണ് പ്രസംഗിക്കുന്നത്. എന്നാൽ, ഖലീഫ തുറന്നും ധൈര്യത്തോടുംകൂടി സംസാരിക്കുന്നു. ഖലീഫ ചില സുപ്രധാനവും യുക്തിനിർഭരവുമായ ഉപദേശങ്ങൾ നല്കിയിരിക്കുന്നു. എനിക്ക് ഇസ്ലാമിനെക്കുറിച്ച് ഒരുപാട് പഠിക്കാൻ കിട്ടി. അഭയാർഥികൾ പുതിയസ്ഥലത്ത് വന്ന് ഈ രാജ്യത്തെ ആദരിക്കേണ്ടതാണെന്നതിനോടു ഞാൻ പൂർണമായും യോജിക്കുന്നു. സർക്കാറും അഭയാർഥികൾക്ക് വഴികാട്ടേണ്ടതാണ്; അവരിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്ന്! സമാധാനം ഇരുവശത്തിലേയും പോസ്റ്റീവായ നടപടിക്രമങ്ങളിലധിഷ്ഠിതമാണെന്ന് ഖലീഫ പറയുകയുണ്ടായി. നമ്മളും അഭയാർഥികളെ സ്വാഗതം ചെയ്യേണ്ടതാണ്. ഞാൻ രാഷ്ട്രീയ കാര്യങ്ങളിൽ വളരെ താൽപര്യമെടുക്കാറുണ്ട്. ഞാൻ അഭയാർഥി പ്രശ്നങ്ങൾ പ്രതിപാദിക്കുന്ന ധാരാളം ലേഖനങ്ങൾ വായിച്ചിട്ടുണ്ട്. എന്നാൽ ഞാൻ ഖലീഫയെ പോലുള്ള വ്യക്തിയുടെ സ്വാധീനമുളവാക്കുന്ന അഭിപ്രായം വായിച്ചിട്ടില്ല. ധാരാളമാളുകൾക്ക് ഇസ്ലാമിനെക്കുറിച്ച് തെറ്റായ ധാരണകളുണ്ട്.

ഒരു അതിഥി Eva Lofgrem തന്റെ പ്രതികരണങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:'1970 മുതൽ അഹ്മദിയ്യത്തിനെ അറിയാം. അന്ന് ഞാൻ വെസ്റ്റ് ആഫ്രിക്കയിലായിരുന്നു. അവിടെ കുറച്ചു അഹ്മദികളെ കണ്ടിരുന്നു. ഞാൻ നിങ്ങളുടെ ഖലീഫയോടു ഒരുപാട് ആകർഷിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന് സ്യൂഡനെക്കുറിച്ച് ധാരാളം അറിവുണ്ട്. എനിക്കറിയാത്ത കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. ഖലീഫ രാഷ്ട്രീയ വിഷയത്തിലാണ് സംസാരിച്ചത്. പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുകയും ചെയ്തു. ഞാൻ അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് നൂറുശതമാനവും യോജിക്കുന്നു. ഖലീഫ ഇസ്ലാമിന്റെ യഥാർഥ ചിത്രം സമർപ്പിച്ചു. അഭയാർഥി പ്രതിസന്ധികളെക്കുറിച്ച് ഖലീഫ അഗാധമായ അഭിപ്രായമുൾക്കൊള്ളുന്ന ആളാണ്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ തികച്ചും ശരിയാണ്. ഇരുകക്ഷികളും പരസ്പരം ആദരിക്കേണ്ടതാണ്. ഞാൻ ഡൈവേഴ്സിറ്റി (Diversity)വിഷയത്തിൽ പ്രസംഗിക്കാറുണ്ട്. ഒരുപാടാളുകളെ കാണാറുമുണ്ട്. നിങ്ങളുടെ ഖലീഫ മുസ്ലീംകൾക്ക് ഒരു അതുല്യമാതൃകയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഖലീഫ സംസാരിച്ചത് ഖുർആൻ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടായിരുന്നുവെന്നത് വളരെ നന്നായി. ഖലീഫ ഐക്യരാഷ്ട്രസഭയുടെ നിയമങ്ങളെ കുറിച്ചും പറഞ്ഞു. എന്റെ ധാരാളം അടുത്ത സുഹൃത്തുക്കൾ ഇസ്ലാമിനെ ഭയപ്പെടുന്നവരാണ്. ഇനി ഞാൻ ഇസ്ലാമിന്റെ യാഥാർഥ്യമെന്താണെന്ന് അവരോടു പോയി പറയും; ഇസ്ലാമിനെ ഭയപ്പെടേണ്ട ആവശ്യമില്ലെന്നും. എനിക്ക് ഈ പ്രസംഗത്തിന്റെ യൂറ്റ്യൂബ് ലിങ്ക് അയച്ചുതരിക. ഞാൻ എന്റെ എല്ലാ കൂട്ടുകാർക്കും അതെത്തിക്കുന്നതാണ്.(തുടരും)

AL ISLAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 15 September Issue-28

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

- **എന്റെ ഖുത്ബകൾ വളരെ ശ്രദ്ധയോടെ കേൾക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്.**
- **ജുമുഅ ഖുത്ബകൾ കേൾക്കുന്നതോടൊപ്പം ഞാൻ വിവിധ അവസരങ്ങളിൽ നടത്തുന്ന എല്ലാ പ്രസംഗങ്ങളും കേൾക്കേണ്ടതാണ്.**
- **ഇതുമുഖേന നിങ്ങളുടെ ഉള്ളിൽ ഖിലാഫത്തിനോടു പൂർണമായ കൂറും തികഞ്ഞ അനുസരണവും ഉണ്ടാകുന്നതാണ്.**
- **നിങ്ങളുടേയും കുട്ടികളേയും ഈ അനുഗൃഹീതമായ വ്യവസ്ഥിതിയുടെ പ്രാധാന്യം പഠിപ്പിക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക.**

**നിത്യവും എം.ടി.എ കേൾക്കുക എന്നത് നിങ്ങളുടെ ജീവിതത്തിന്റെ നിർബന്ധ ഭാഗമാക്കുക.**
**എം.ടി.എ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ വളരെ നല്ല പരിപാടികളാണ് സംപ്രേഷണം ചെയ്യുന്നത്.**
**ഇതുമുഖേന എല്ലാ യുവാക്കൾക്കും പ്രായം ചെന്നവർക്കും ഫലം കരസ്ഥമാക്കി**
**അഹ്മദിയ്യത്തിനേയും ഇസ്‌ലാമിനേയും കുറിച്ച് അറിവിൽ വർധന ഉണ്ടാക്കാവുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2015 ആഗസ്റ്റ് 14 മുതൽ 16 വരെ സംഘടിപ്പിച്ച അമേരിക്കയിലെ ദേശീയ വാർഷിക സമ്മേളനത്തിലേക്ക് അയച്ച സന്ദേശം.

അഹ്മദിയ്യ ജമാഅത്ത് അമേരിക്കയിലെ എന്റെ പ്രിയപ്പെട്ടവരേ!

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു

അമേരിക്കയിലെ ജമാഅത്ത് തങ്ങളുടെ ദേശീയ ജൽസ 2015 ആഗസ്റ്റ് 14 മുതൽ 16 വരെ നടത്തുന്നു വെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഇതിനെ വളരെ അനുഗൃഹീതവും വിജയകരവുമാക്കുമാറാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു.

എന്റെ ഖുത്ബകൾ വളരെ ശ്രദ്ധയോടെ കേൾക്കേണ്ടത് നിങ്ങൾക്ക് നിർബന്ധമാണ്. ഇതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് നിങ്ങൾ ഖിലാഫത്തിനോടു വളരെ അടുപ്പവും അഗാധവുമായ ബന്ധമുണ്ടാക്കുക എന്നാണ്. ജുമുഅ ഖുത്ബകൾ കേൾക്കുന്നതോടൊപ്പം ഞാൻ വിവിധ അവസരങ്ങളിൽ നടത്തുന്ന എല്ലാ പ്രസംഗങ്ങളും കേൾക്കേണ്ടതാണ്. ഇതു മുഖേന നിങ്ങളുടെ ഉള്ളിൽ ഖിലാഫത്തിനോടു പൂർണമായ കൂറും തികഞ്ഞ അനുസരണവും ഉണ്ടാകുന്നതാണ്. നിങ്ങൾ നിങ്ങളുടെ കുട്ടികൾക്ക് ഈ അനുഗൃഹീതമായ വ്യവസ്ഥിതിയുടെ പ്രാധാന്യം പഠിപ്പിക്കുകയും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുക എന്നതും നിങ്ങൾക്ക് നിർബന്ധമാണ്. അവരും ഈ അനുഗൃഹീത വ്യവസ്ഥിതിയുമായി ഒട്ടിച്ചേർന്നിരിക്കാനും കാലത്തിന്റെ ഖലീഫയുമായി പൂർണബന്ധം വെക്കാനും ഉപദേശിച്ചുകൊണ്ടിരിക്കുക.

ഇന്ന് ഇസ്‌ലാമിന്റെ പുനരുദ്ധാനപ്രവർത്തനം വെറും ഖിലാഫത്തു വ്യവസ്ഥിതിയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ മക്കളും ഈ അനുഗൃഹീത വ്യവസ്ഥിതിയായ ഖിലാഫത്തിന്റെ തണലിൽ സംഘടിച്ചിരിക്കുകയും അതിൽനിന്ന് മാർഗനിർദേശം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്.

ഇതിന് പുറമെ നിത്യവും എം.ടി.എ കാണുക എന്നത് നിങ്ങളുടെ ജീവിതത്തിന്റെ നിർബന്ധ ഭാഗമാക്കുക എന്നും ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. അതിൽ എന്റെ ജുമുഅ ഖുത്ബകളും ഉൾപ്പെടേണ്ടതാണ്. എം.ടി.എ അല്ലാഹുവിന്റെ കൃപാകടാക്ഷത്താൽ വളരെ നല്ല പരിപാടികൾ സംപ്രേഷണം ചെയ്തു വരുന്നു. ഇതിൽനിന്ന് എല്ലാ യുവാക്കൾക്കും പ്രായം ചെയ്യുന്നവർക്കും ഫലം കരസ്ഥമാക്കി അഹ്മദിയ്യത്തിനേയും ഇസ്‌ലാമിനേയും കുറിച്ചുള്ള അറിവിൽ വർധന ഉണ്ടാക്കാവുന്നതാണ്.

നിങ്ങളുടെ ശൂറായിൽനിന്നുള്ള ചില അഭിപ്രായങ്ങൾ വന്നിരുന്നു. അത് ഞാൻ അംഗീകരിച്ചിരുന്നു. വ്യക്തിപരമായി ആത്മീയതയിലുള്ള കുറവ് കണക്കിലെടുത്ത് ഉന്നതിയിലേക്ക് ചുവടു വെക്കുന്നതിനെ കുറിച്ചും ആ അഭിപ്രായങ്ങളിലുണ്ടായിരുന്നു. അതുകൊണ്ട് നിങ്ങളുടെ ഈ അഭിപ്രായങ്ങളെ പരിപൂർണമായും കർമപരമായ വസ്ത്രമണിയിക്കേണ്ടതും നിർബന്ധമാണ്. എത്രത്തോളമെന്നാൽ എല്ലാ ഓരോ വ്യക്തിയും (പുരുഷന്മാരും സ്ത്രീകളും) പൂർണമായും അതനുസരിച്ച് പ്രവർത്തിക്കുന്നവരാകണം. അഭിപ്രായങ്ങൾക്ക് അംഗീകാരം വാങ്ങിയിട്ട് അതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതിന് പിന്നെന്തു പ്രയോജനമാണുള്ളതെന്നും ചിന്തിക്കുക.

അല്ലാഹു നിങ്ങളുടെ ജൽസയെ എല്ലാ വിധത്തിലും വിജയകരവും അനുഗൃഹീതവുമാക്കുമാറാകട്ടെ. ഈ ജൽസ നിങ്ങളുടെ തഖ്‌വയിൽ വർധനവിന് നിമിത്തമാകട്ടെ. നിങ്ങൾ ആത്മീയമായ നിലയിൽ ഇതിനെ പ്രയോജനപ്പെടുത്തുന്നവരുമാകട്ടെ. അല്ലാഹു നിങ്ങളിൽ അനുഗ്രങ്ങൾ വർഷിക്കുമാറാകട്ടെ. വസ്സലാം

നിങ്ങളുടെ സ്നേഹിതൻ

മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽമസീഹ് അൽഖാമിസ്
13 ആഗസ്റ്റ് 2015

# ദൈവസാമീപ്യം പ്രാപിച്ചവരുടെ മാർഗം:

സഅ്ദി ബൂസ്താനിൽ എഴുതിയിരിക്കുന്നു. ഒരു മഹാത്മാവിനെ പട്ടി കടിച്ചു. വീട്ടിൽ വന്നപ്പോൾ അദ്ദേഹത്തെ പട്ടി കടിച്ചത് വീട്ടുകാർ കണ്ടു. അവിടെ നിഷ്ക്കളങ്കയായ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. താങ്കളെന്താണ് തിരിച്ചു കടിക്കാതിരുന്നതെന്ന് അവൾ ചോദിച്ചു. അദ്ദേഹം പറഞ്ഞു, മോളേ! പട്ടിയുടെ ശീലം മനുഷ്യനിൽനിന്നുണ്ടാകുകയില്ല. ഇപ്രകാരം ഏതെങ്കിലും ദ്രോഹി സത്യവിശ്വാസിയെ ചീത്തവിളിച്ചാൽ അവൻ പ്രതികരിക്കാതെ പിന്മാറേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ പട്ടിയുടെ ശീലം അവനിൽ അന്വർഥമാകും. ദൈവസാമീപ്യം പ്രാപിച്ചവരെ വലിയ വലിയ ചീത്തകളാണ് വിളിച്ചത്. വളരെ മോശമായ നിലയിൽ ബുദ്ധിമുട്ടിച്ചു. എന്നാൽ അവരോടു പറയപ്പെട്ടത് അഅ്രിള് അനിൽ ജാഹിലീൻ(7:200) എന്നായിരുന്നു. അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞു മാറുക.

(മൽഫൂദാത്ത് വാല്യം 1 പേജ് 103)




## 122-ാമത് ജൽസസാലാന ഖാദിയാൻ (ജൽസയ്ക്ക് തുടക്കം കുറിച്ചിട്ട് 125-ാമത്)

2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ഖാദിയാനിലെ 122-ാമത് ജൽസസാലാന 2016 ഡിസംബർ 26,27,28 (തിങ്കൾ, ചൊവ്വ, ബുധൻ)എന്നീ തിയതികളിൽ നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന ഉദ്ദേശ്യത്തോടെ ദുആയോടുകൂടി തയ്യാറെടുപ്പുകളും നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഫലമെടുക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഈ ജൽസ എല്ലാ വിധത്തിലും വിജയപ്രദമാകുന്നതിനും സൗഭാഗ്യരായ ആത്മാക്കൾക്ക് സന്മാർഗപ്രാപ്തിക്കു കാരണമാകുന്നതിനും ദുആ ചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനുൽജസാ

**(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin